بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം 9

ലക്കം 27

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 ജൂലൈ 04/ഹി.ശം 1403 വഫാ 04/ഹി:ഖ 1445 ദുൽഹിജ്ജ 27

## അല്ലാഹുവിന്റെ വചനം

وَاِذَا صُرِفَتۡ اَبۡصَارُہُمۡ
تِلۡقَآءَ اَصۡحٰبِ النَّارِ ۙ قَالُوۡا
رَبَّنَا لَا تَجۡعَلۡنَا مَعَ الۡقَوۡمِ الظّٰلِمِیۡنَ
(الاعراف:48)

അവരുടെ(സ്വർഗവാസികളുടെ) കണ്ണുകൾ നരകവാസികളുടെ നേരെ തിരിക്കപ്പെടുമ്പോൾ അവർ പറയും, ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ അധർമകാരികളായ ജനങ്ങളുടെ കൂടെയാക്കരുതേ! (7:48)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### സർവശ്രേഷ്ഠമായ കർമങ്ങൾ

(2518) ഹദ്റത്ത് അബൂദർറ(റ) പറയുന്നു: ഏറ്റവും പുണ്യമുള്ള പ്രവർത്തനമേതെന്ന് നബി(സ) തിരുമേനിയോടു ഞാൻ ചോദിച്ചു. അവിടന്ന് പറഞ്ഞു: അല്ലാഹുവിലുള്ള വിശ്വാസവും അവന്റെ മാർഗത്തിൽ സമരം ചെയ്യലും. ഏതു അടിമയാണ് മോചിപ്പിക്കുവാൻ കൂടുതൽ നല്ലത്? നബി(സ) തിരുമേനി പറഞ്ഞു: ഉടമസ്ഥന്റെ പക്കൽ കൂടുതൽ വിലപിടിച്ച അടിമ. ഞാൻ വീണ്ടും ചോദിച്ചു: അതിന് എനിക്ക് കഴിവില്ലെങ്കിലോ? കൈത്തൊഴിൽ ചെയ്തു ജീവിക്കുന്ന ഒരുത്തനെ നീ സഹായിക്കുക.

ഉഹുദു യുദ്ധസംഭവങ്ങളിൽ സ്വഹാബാക്കളുടെ ത്യാഗങ്ങളും നബി(സ) തിരുമേനിയോടുള്ള അവരുടെ അനുരക്തിയുടെ ഉദാഹരണങ്ങളും ഞാൻ പറഞ്ഞിരുന്നു. ഇവയിൽ ഹദ്റത്ത് അലിയുടെ ധീരതയെപ്പറ്റിയുള്ള പരാമർശങ്ങളും കാണുന്നുണ്ട്. ഹദ്റത്ത് അലിയെ(റ) സംബന്ധിച്ച് നിവേദനങ്ങളിൽ പറയുന്നു. അല്ലെങ്കിൽ തൊഴിലറിയാത്തവന് തൊഴിൽ പരിശീലിപ്പിച്ചുകൊടുക്കുക. നബി(സ)തിരുമേനി പ്രത്യുത്തരം നല്കി. അതിനും കഴിവില്ലെങ്കിലോ എന്ന് ഞാൻ ആവർത്തിച്ചു. നബി(സ)തിരുമേനി പറഞ്ഞു: മനുഷ്യർക്കു ദ്രോഹമേൽപിക്കാതെ അവരെ അവരുടെ പാട്ടിൽ വിട്ടേക്കുക. നിന്റെ ആത്മാവിനു നല്കുന്ന വലിയൊരു ദാനമാണിത്.

(2528) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: എന്റെ അനുയായികളുടെ ഹൃദയത്തിൽ ഉദിച്ചുകൊണ്ടിരിക്കുന്ന വിചാരങ്ങളനുസരിച്ച് പ്രവർത്തിക്കുകയോ

ശേഷം പേജ് 12ൽ

**ഉപദേശത്തിന്റെ സ്ഥാനം ഒരു ഉന്നത നിലയിലുള്ള സ്ഥാനമാണ്. അത് നുബുവ്വത്തിന്റെ തേജോവിലാസമുൾക്കൊള്ളുന്നു. ദൈവഭയത്തെ പ്രയോജനപ്പെടുത്തണമെന്നതാണ് നിബന്ധന. ഉപദേശകൻ ഒരു പ്രത്യേകതരത്തിലുള്ള പരിഷ്കരണത്തിന്റെ അവസരം തന്റെയുള്ളിൽ പ്രാപിക്കുന്നു. കാരണം ജനങ്ങളുടെ മുമ്പിൽ പറയുന്ന കാര്യം, കുറഞ്ഞപക്ഷം തന്റെ കർമം കൊണ്ടു കാണിക്കേണ്ടതും നിർബന്ധമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

അനർഹരായ വൃത്തികെട്ട ആളുകൾ ശരിയായിട്ടുള്ളതും, സത്യസന്ധവും യുക്തിയോടുകൂടിയതുമായ കാര്യങ്ങൾ കേൾക്കുകതന്നെയില്ല. അവരുടെ മുമ്പിൽ ഈശ്വരീയ ജ്ഞാനത്തിന്റേയും തത്ത്വജ്ഞാനത്തിന്റേയും എന്തെങ്കിലും കാര്യം അവതരിപ്പിച്ചാൽ അവർ ശ്രദ്ധിക്കുന്നില്ലെന്ന് മാത്രമല്ല അശ്രദ്ധയോടെ അവഗണിച്ചു കളയുകയും ചെയ്യുന്നു.

സത്യം പറയുന്ന ആളുകളും വളരെ കുറവാണെന്നതിൽ സംശയമൊന്നുമില്ല. അല്ലാഹുവിനുവേണ്ടി സത്യം പറയുന്ന ആളുകളുടെ എണ്ണം നന്നേകുറവാണ്; ഇല്ലാത്തതിനു തുല്യം! പൊതുവെ ഉപദേശി ഉപദേശിക്കുന്നു. പക്ഷേ, അവരുടെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും ആളുകളിൽനിന്ന് എന്തെങ്കിലും നേടുക എന്നതു മാത്രമായിരിക്കും; കുറച്ചു കരസ്ഥമാക്കുക. ഈ ഉദ്ദേശ്യം അവരുടെ സംസാരത്തിൽനിന്ന് കിട്ടുന്നുണ്ട്. സത്യസന്ധതയേയും ഈശ്വരീയതയേയും തന്റെ അന്ധകാരത്തിൽ ഒളിപ്പിക്കുന്നു. ദൈവവചനങ്ങൾ കേൾക്കുമ്പോൾ മനസ്സിലും ബുദ്ധിയിലുമെത്തുന്നതും ആത്മാവിനെ പരിമളമാക്കുന്നതുമായ ആ ആനന്ദത്തിന്റേയും ഈശ്വരീയ ജ്ഞാനത്തിന്റേയും സൗരഭ്യം സ്വാർഥതയുടേയും ഭൗതികതയുടേയും ദുർഗന്ധത്തിൽ അമർന്നുപോകുകയും അതേ ഉപദേശത്തിന്റെ മജ്‌ലിസിൽത്തന്നെ ഭൂരിഭാഗമാളുകളും 'മിയാൻ! ഈ എല്ലാ കാര്യങ്ങളും തുട്ടുകൾ സമ്പാദിക്കാനുള്ളതാണ്' എന്ന് പറഞ്ഞെഴുന്നേൽക്കുകയും ചെയ്യുന്നു.

ഭൂരിഭാഗമാളുകളും 'നന്മ ഉപദേശിക്കുകയും തിന്മ വിലക്കുകയും ചെയ്യുക' എന്നതിനെ ഉപജീവന മാർഗമാക്കുന്നുവെന്നതിൽ സംശയമൊന്നുമില്ല; പക്ഷേ, എല്ലാവരും അങ്ങനെയല്ല.

കേവലം നന്മ കൽപിക്കുകയും തിന്മ തടയുകയും ചെയ്യുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന രീതിയിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കാര്യങ്ങൾ ജനങ്ങൾവരെ എത്തിക്കുന്ന പരിശുദ്ധ ഹൃദയരായ മനുഷ്യരുമുണ്ട്. അത് നിർബന്ധ കടമയായി മനസ്സിലാക്കുന്നു. ഈ രീതിയിൽ അല്ലാഹുവിന്റെ തൃപ്തികിട്ടണമെന്ന് അവരാഗ്രഹിക്കുന്നു. ഉപദേശത്തിന്റെ സ്ഥാനം ഒരു ഉന്നത നിലയിലുള്ള സ്ഥാനമാണ്. അത് നുബവ്വത്തിന്റെ തേജോവിലാസം ഉൾക്കൊള്ളുന്നു. ദൈവഭയത്തെ പ്രയോജനപ്പെടുത്തണമെന്നതാണ് നിബന്ധന.

ഉപദേശകൻ ഒരു പ്രത്യേകതരത്തിലുള്ള പരിഷ്കരണത്തിന്റെ അവസരം തന്റെയുള്ളിൽ പ്രാപിക്കുന്നു. കാരണം ജനങ്ങളുടെ മുമ്പിൽ പറയുന്ന കാര്യം കുറഞ്ഞപക്ഷം തന്റെ കർമംകൊണ്ട് കാണിക്കേണ്ടതും നിർബന്ധമാണ്. *(മൽഫൂദാത്ത് വാള്യം 1, പേജ് 505, പ്രസാധനം 2018 ഖാദിയാൻ)*

**ആർക്കാണോ പിശാച് കൂട്ടുകാരനായിരിക്കുന്നത്(അയാൾ ഓർക്കേണ്ടതാണ്) അവൻ വളരെ ചീത്തയായ കൂട്ടുകാരനാണ്. ആ അവസ്ഥയിലും മനുഷ്യൻ തന്റെ സ്വഭാവസംസ്കരണത്തിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ പിന്നീട് തിന്മകളിൽ വളർന്ന് വളർന്ന് അവസാനം ശയ്ത്വാൻ കൂട്ടുകാരൻ മാത്രമല്ല പ്രത്യുത അവന്റെ യജമാനന്റെ സ്ഥാനത്തെത്തിച്ചേരുന്നു.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ അൽഹജ്ജിലെ 4,5 വചനങ്ങൾക്കു (**വമിനന്നാസി മൻയ്യുജാദിലു ഫില്ലാഹി ബിഗയ്‌രി ഇൽമിൻ വ്വയത്തബിഉ കുല്ല ശയ്ത്വാനിൻ മ്മരീദിൻ – കുതിബ അലയ്ഹി അന്നഹൂ മൻ തവല്ലാഹു ഫഅന്നഹൂ യുളില്ലുഹൂ വ യഹ്ദീഹി ഇലാ അദാബിസ്സയീരി**) – അർഥം: അല്ലാഹുവിന്റെ കാര്യത്തിൽ ഒരറിവുമില്ലാതെ തർക്കിക്കുകയും ധിക്കാരികളായ എല്ലാ പിശാചുക്കളേയും പിൻപറ്റുകയും ചെയ്യുന്ന ചിലർ ജനങ്ങളിലുണ്ട്. ആരെങ്കിലും അവനെ മിത്രമാക്കുന്നതായാൽ തീർച്ചയായും അവൻ അവനെ വഴിതെറ്റിക്കുകയും അവനെ നരക ശിക്ഷയിലേക്ക് നയിക്കുകയും ചെയ്യുന്നതാണെന്ന് അവനെ(പിശാചിനെ)പ്പറ്റി തീരുമാനിക്കപ്പെട്ടിരിക്കുന്നു- നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു:

സുവ്യക്തമായ തെളിവുകൾ കൂടാതെ ഒരു കാര്യത്തിലും തർക്കിക്കരുത്. അപ്പോൾപ്പിന്നെ ആരെങ്കിലും അല്ലാഹുവിനെ സംബന്ധിച്ച് കുതർക്കം നടത്താൻ തുടങ്ങുന്നതും ഏതെങ്കിലും അഹങ്കാരിയായ ശയ്ത്വാന്റെ പിന്നാലെ കൂടുന്നതും അവന്റെ കൂട്ടുകാരനാകുന്നതും എത്രമാത്രം അക്രമമാണ്. വാസ്തവത്തിൽ അഹങ്കാരിയായ ശയ്ത്വാന്റെ പിന്നാലെ കൂടുന്നവനേയും അവന്റെ കൂട്ടുകാരനാകുന്നവനേയും അവൻ വഴിപിഴപ്പിക്കുകതന്നെ ചെയ്യുമെന്നതും അവനെ നാശത്തിന്റെ വഴി കാണിക്കുമെന്നതും ദൈവവിധിയാണ്. ഈ ആയത്തിൽനിന്ന് പ്രകടമാകുന്നത് ഏതെങ്കിലുമൊരാൾ നിരന്തരം ശയ്ത്വാൻ പറയുന്ന കാര്യങ്ങൾ വിശ്വസിക്കാൻ തുടങ്ങുമ്പോൾ അവരിരുവരുംതമ്മിൽ സുഹൃത്ത് ബന്ധമുണ്ടാകുന്നു. ഈ ബന്ധം അവസാനം അവനെ നരകത്തിലെത്തിക്കുന്നു. മറ്റൊരു സ്ഥലത്തും അല്ലാഹു പറയുന്നു: **വമയ്യകുനിശ്ശയ്ത്വാനു ലഹൂ ഖരീനൻ ഫസാഅ ഖരീനൻ**(4:38) ആർക്കാണോ പിശാച്

ശേഷം പേജ് 12ൽ

## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
31 മെയ് 2024

ലേഖനം

നബി(സ) തിരുമേനിയുടെ
ജീവചരിത്രം- 2

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഹദ്റത്ത് ഖുബയ്ബ്(റ) തന്റെ ശഹാദത്തിന്റെ നേരത്ത് ദുആ ചെയ്തു: "അല്ലാഹുവേ, ഈ സമയത്ത് നിന്റെ റസൂലിന്റെ സവിധത്തിൽ എന്റെ സലാമെത്തിക്കാനാരുമില്ല. അതിനാൽ എന്റെ നാഥാ! നീ തന്നെ നബി(സ)തിരുമേനിക്ക് എന്റെ സലാമെത്തിക്കുകയും ഞങ്ങളോടു ചെയ്യുന്നതിനെ പറ്റി അറിയിക്കുകയും ചെയ്യേണമേ!"**

**തടിയിൽക്കെട്ടി ശഹീദാക്കപ്പെട്ട ആദ്യത്തെ സ്വഹാബിയായിരുന്നു ഹദ്റത്ത് ഖുബയ്ബ്(റ). കൊല്ലപ്പെടുന്നതിനുമുമ്പേ രണ്ട് റക്അത്ത് നമസ്കരിക്കണമെന്ന സുന്നത്ത്(നടപടിക്രമം) ആദ്യമായി സ്ഥാപിച്ചത് ഹദ്റത്ത് ഖുബയ്ബായിരുന്നു(റ).**

**ഇവരാണ് അല്ലാഹുവിനെ സ്നേഹിക്കുകയും അല്ലാഹുവിനുവേണ്ടി ത്യാഗങ്ങൾ വരിക്കുകയും ചെയ്തവർ. അല്ലാഹുവും അവരെ വിലമതിക്കുകയും പിന്നെ മരണശേഷം അവരുടെ മൃതദേഹങ്ങൾ സംരക്ഷിക്കുകയും ചെയ്യുകയുണ്ടായി.**

**ഹദ്റത്ത് ഖുബയ്ബ്(റ)ന്റെ ശഹാദത്തിന്റെ ഈമാൻ പ്രോജ്ജ്വലമാക്കുന്ന വിവരണവും ഫലസ്തീനിലേയും സുഡാനിലേയും യമനിലേയും പാക്കിസ്താനിലേയും അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യാൻ ആഹ്വാനവും.**

**ചൗദ്ദരി മുനീർ അഹ്മദ് സാഹിബ്(മുബല്ലിഗ്) ഡയറക്ടർ മസ്റൂർ ടെലിപ്പോർട്ട് (എം.ടി.എ ഇന്റർനാഷണൽ അമേരിക്ക), അബ്ദുർ റഹ്മാൻ കുട്ടി സാഹിബ്, അലനല്ലൂർ കേരള എന്നിവരെക്കുറിച്ചുള്ള അനുസ്മരണവും ജനാസാഗാഇബും.**

**ഖുത്ബ ജുമുഅ 2024 മെയ് 31, 1403 ഹിജ്റത്ത് 31**
**മസ്ജിദ് മുബാറക്, ഇസ്ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഒരു സരിയ്യയിൽ (നബി(സ) തിരുമേനി നേരിട്ട് പങ്കെടുക്കാതിരുന്ന യുദ്ധത്തിൽ) ഹദ്റത്ത് ഖുബയ്ബ്(റ)ന്റെ ശഹാദത്തിനെ സംബന്ധിച്ച് പറഞ്ഞിരുന്നു. അതിന്റെ വിശദീകരണത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: 'ഇദ്ദേഹം മരത്തിൽ കെട്ടിത്തൂക്കി ശഹീദാക്കപ്പെട്ട ആദ്യത്തെ സ്വഹാബിയാകുന്നു.'

അതായത് കുരിശിലേറ്റുന്നതുപോലെ തൂക്കി ശഹീദാക്കപ്പെടുകയുണ്ടായി. അല്ലാമാ ഇബ്നു അഥീർ ജസ്രി എഴുതുന്നു: ഹദ്റത്ത് ഖുബയ്ബ്(റ) അല്ലാഹുവിനുവേണ്ടി കുരിശിലേറ്റപ്പെട്ട ആദ്യത്തെ സ്വഹാബി ആകുന്നു. *(ഉസുദുൽഗാബ വാള്യം 2, പേജ് 156, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഒരു നിവേദനത്തിൽ പറയുന്നു: ഖുറയ്ശികൾ ഖുബയ്ബിനോട് പറഞ്ഞു: നിങ്ങൾ ഇസ്ലാമിൽ നിന്ന് മടങ്ങുകയാണെങ്കിൽ ഞങ്ങൾ നിങ്ങൾക്കു വഴി മുടക്കുന്നതല്ല, (പ്രശ്നമുണ്ടാക്കുന്നതല്ല). എന്നാൽ, നിങ്ങൾ പിന്തിരിയുന്നില്ലെങ്കിൽ ഞങ്ങൾ നിങ്ങളെ വധിക്കുന്നതായിരിക്കും. ഹദ്റത്ത് ഖുബയ്ബ്(റ) പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിൽ എന്റെ വധം ഒരു നിസ്സാര കാര്യമാകുന്നു. തുടർന്ന് ഖുബയ്ബ്(റ) തന്റെ ശഹാദത്തിന്റെ നേരത്ത് ദുആ ചെയ്തു: "അല്ലാഹുവേ, ഈ സമയത്ത് നിന്റെ റസൂലിന്റെ സവിധത്തിൽ എന്റെ സലാമെത്തിക്കാനാരുമില്ല. അതിനാൽ എന്റെ നാഥാ! നീ തന്നെ നബി(സ)തിരുമേനിക്ക് എന്റെ സലാമെത്തിക്കുകയും ഞങ്ങളോടു ഇവർ ചെയ്യുന്നതിനെ പറ്റി അറിയിക്കുകയും ചെയ്യേണമേ!" *(സീറത്ത് ഹൽബിയ്യ, വാള്യം 3, പേജ് 23, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് ഉസാമ ബിൻ സയ്ദ്(റ) നിവേദനം: ഒരു ദിവസം നബി(സ)തിരുമേനി തന്റെ സ്വഹാബാക്കൾക്കിടയിൽ ഇരിക്കുകയായിരുന്നു. നബി(സ)തിരുമേനിക്ക് ആ സമയത്ത് വഹ്യുണ്ടാകുന്ന നേരത്തുണ്ടാകുന്നതുപോലുള്ള അവസ്ഥയുണ്ടായി. ഞങ്ങൾ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു: *വ അലയ്ഹിസ്സലാമു വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.* അതായത് അദ്ദേഹത്തിനുമേലും സമാധാനവും അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും ഉണ്ടാകുമാറാകട്ടെ. അതിനുശേഷം നബി(സ)തിരുമേനിക്ക് പ്രസ്തുത വഹ്യുടെ അവസ്ഥ അവസാനിച്ചപ്പോൾ പറഞ്ഞു: അത് ജിബ്രീൽ ആയിരുന്നു, അദ്ദേഹം എനിക്ക് ഹദ്റത്ത് ഖുബയ്ബിന്റെ സലാം അറിയിക്കുകയായിരുന്നു. ഖുബയ്ബിനെ ഖുറയ്ശികൾ വധിച്ചിരിക്കുന്നു.

നിവേദനത്തിൽ പറയുന്നു: ഖുറയ്ശികൾ തങ്ങളുടെ 40 പേരെ ഹദ്റത്ത് ഖുബയ്ബിനെ വധിക്കുന്ന സമയത്ത് വിളിച്ചുകൂട്ടിയിരുന്നു. അവരുടെ പിതാക്കന്മാർ ബദ്ർ യുദ്ധത്തിൽ വധിക്കപ്പെട്ടിരുന്നു. പിന്നെ ഖുറയ്ശികളിലെ ഓരോരുത്തർക്കും ഓരോ കുന്തം കൊടുത്തശേഷം പറഞ്ഞു: 'ഇയാളാണ് നിങ്ങളുടെ പിതാക്കന്മാരെ വധിച്ചത്.' *(സീറത്തു ഹൽബിയ, വാള്യം 3, പേജ് 236, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

പിന്നീട് അവർ ഹദ്റത്ത് ഖുബയ്ബിനെ കുന്തംകൊണ്ട് ചെറുതായി മുറിവേൽപ്പിക്കാൻ തുടങ്ങി, അപ്പോൾ ഹദ്റത്ത് ഖുബയ്ബ്(റ) കുരിശിൽക്കിടന്ന് അസ്വസ്ഥത പ്രകടിപ്പിക്കുകയും തിരിയുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ മുഖം കഅ്ബക്ക് അഭിമുഖമായി. അദ്ദേഹം പറഞ്ഞു: "സർവ സ്തുതിയും അല്ലാഹുവിന്നാകുന്നു. അവൻ എന്റെ മുഖത്തെ ഖിബ്ലയ്ക്ക് അഭിമുഖമാക്കിയിരിക്കുന്നു." അതുതന്നെയാണ് അദ്ദേഹം തനിക്കുവേണ്ടി ആഗ്രഹിച്ചതും. തുടർന്ന് മുശ്രികീങ്ങൾ ഹദ്റത്ത് ഖുബയ്ബിനെ വധിക്കുകയുണ്ടായി. *(സുബുലുൽഹുദാ വാള്യം 6, പേജ് 44, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ആദ്യം മുശ്രികീങ്ങൾ കുന്തംകൊണ്ട് കുത്തി അദ്ദേഹത്തെ ഗുരുതരമായി പരിക്കേൽപ്പിക്കുകയും പിന്നെ ശഹീദാക്കുകയും ചെയ്തുവെന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. അതേസമയം ബുഖാരിയിലുള്ള നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് ഖുബയ്ബ്(റ) തന്റെ കവിതാ ശകലം പൂർത്തിയാക്കിയപ്പോൾ ഉഖ്ബ ബിൻ ഹാരിഥ് അദ്ദേഹത്തിന്റെ അടുത്തുവന്ന് അദ്ദേഹത്തെ ശഹീദാക്കുകയാണുണ്ടായത്. *(സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി ബാബു ഗസ്വത്തുർറജീഅ, ഹദീഥ് 4086)*

ഉഖ്ബ ബിൻ ഹാരിഥിന്റെ വിളിപ്പേര്

അബൂ സിർവഅ എന്ന് വിവരിക്കപ്പെട്ടിരിക്കുന്നു. ചില നിവേദനങ്ങളിൽ അബൂ സിർവഅ ഉഖ്ബ ബിൻ ഹാരിഥ് ആ സമയത്ത് കുട്ടിയായിരുന്നുവെന്നും അയാളുടെ കൈയിൽ കുന്തം കൊടുത്തെങ്കിലും അബൂമയ്സറ അബ്ദരിയാണ് ആക്രമിച്ചതെന്നും പറയുന്നു. പകരം വീട്ടാൻ കുട്ടിയുടെ കൈയിൽ കുന്തം കൊടുത്തുവെന്നും പക്ഷേ, അത് പ്രയോഗിച്ചത് മുതിർന്നവരാണെന്നും ചില പണ്ഡിതന്മാർ പറയുന്നുണ്ട്. ചില ഉലമാ അബൂ സിർവഅനെ വേറെതന്നെ ആളായി പറയുകയും ഉഖ്ബ ബിൻ ഹാരിഥ് അയാളുടെ സഹോദരനാണെന്ന് എഴുതുകയും ചെയ്തിരിക്കുന്നു. അബൂ മയ്സറ ആക്രമിച്ചെങ്കിലും ഫലപ്രദമായില്ല, തുടർന്ന് അബൂസിർവഅ മുന്നോട്ടുവന്ന് കുന്തം കൊണ്ട് കഥ കഴിക്കുകയാണുണ്ടായത്. മക്ക വിജയവേളയിൽ ഇസ്‌ലാം സ്വീകരിച്ച ഉഖ്ബ ബിൻ ഹാരിഥ് പറയുന്നു: "അന്ന് ഞാൻ കുട്ടിയായിരുന്നു. അബൂ മയ്സറ അബ്ദരി എന്റെ കൈയിൽ കുന്തം തരികയും എന്റെ കൈകൊണ്ടുതന്നെ ഖുയ്ബബിനെ വധിക്കുകയുമാണുണ്ടായത്. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹ്(സ) വാള്യം 7, പേജ് 148-149, പ്രസാധനം ബസം ഇഖ്ബാൽ ലാഹോർ)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ ഇതു സംബന്ധമായി എഴുതുന്നു: "ഖുറയ്ശി മൂപ്പന്മാരുടെ ഉള്ളിലെ പകയ്ക്കുമുന്നിൽ കാരുണ്യം, നീതി തുടങ്ങിയ വികാരങ്ങൾക്ക് ഒരു വിധ പ്രസക്തിയുമില്ലായിരുന്നു. കൂടുതൽ ദിവസം കഴിയുന്നതിനുമുമ്പേ ബനൂ ഹാരിഥിലെ ആളുകളും മറ്റു ഖുറയ്ശി മൂപ്പന്മാരും ഖുബയ്ബിനെ വധിക്കാനും അദ്ദേഹത്തിന്റെ വധത്തിൽ ആഘോഷം നടത്താനും അദ്ദേഹത്തെ ഒരു വലിയ തുറസ്സായ മൈതാനത്ത് കൊണ്ടുപോയി. അദ്ദേഹത്തിന് ശഹാദത്തിന്റെ മണം വന്നു തുടങ്ങിയപ്പോൾ അദ്ദേഹം മരണത്തിനുമുമ്പേതന്നെ രണ്ട് റക്അത്ത് നമസ്കരിക്കാൻ അനുവദിക്കണമെന്ന് ഖുറയ്ശി മൂപ്പന്മാരോടു വളരെ കരഞ്ഞു അപേക്ഷിക്കുകയുണ്ടായി. ഒരുപക്ഷേ, ഖുറയ്ശികൾ ഇസ്‌ലാമിക നമസ്കാര ദൃശ്യത്തെയും ഈ തമാശയുടെ ഭാഗമാക്കാൻ ആഗ്രഹിച്ചതു കൊണ്ടായിരിക്കാം അദ്ദേഹത്തിന് അനുമതി നൽകിയത്. ഹദ്റത്ത് ഖുബയ്ബ്(റ) വളരെ ശ്രദ്ധാപൂർവം ഹൃദയ സാന്നിധ്യത്തോടെ രണ്ടു റക്അത്ത് നമസ്കരിച്ചു. അതിനുശേഷം ഖുറയ്ശികളോടു പറഞ്ഞു: നമസ്കാരം ദീർഘിപ്പിക്കാൻ എന്റെ മനസ്സ് ആഗ്രഹിച്ചിരുന്നു. പക്ഷേ, മരണത്തെ പിന്തിപ്പിക്കുന്നതിനുവേണ്ടി ഞാൻ നമസ്കാരം ദീർഘിപ്പിക്കുകയാണെന്ന് നിങ്ങൾ ധരിച്ചേക്കുമോ എന്നെനിക്ക് തോന്നി. തുടർന്ന് ഖുബയ്ബ് ഈ ഈരടികൾ ചൊല്ലിക്കൊണ്ട് മുന്നോട്ടു കുനിയുകയുണ്ടായി:

വ ലസ്തു ഉബാലീ ഹീന
ഉഖ്തുലു മുസ്‌ലിമൻ

അലാ അയ്യി ശിഖ്ഖിൻ
കാന ലില്ലാഹി മസ്റയീ

വ ദാലിക്ക ഫീ ദാത്തിൽഇലാഹി
വ ഇൻയ്യശഅ്

യുബാരിക് അലാ ഔസ്വാലി
ശിൽവിൻ മുമസ്സയി

മുസ്‌ലിമെന്ന നിലയിൽ ഞാൻ വധിക്കപ്പെടുമ്പോൾ അല്ലാഹുവിനെ ലക്ഷ്യമാക്കി ഞാൻവീഴുന്നത്ഏതുഭാഗത്തേക്കാണെന്നത് എനിക്ക് പ്രശ്നമല്ല. ഞാൻ വീഴുന്നത് അല്ലാഹുവിന് വേണ്ടിയാകുന്നു. അവനിച്ഛിക്കുകയാണെങ്കിൽ തുണ്ടമാക്കപ്പെട്ട ശരീരസന്ധികളിലും അനുഗ്രഹം ചൊരിയുന്നതായിരിക്കും *(സ്വഹീഹുൽ ബുഖാരി കിതാബുൽ ജിഹാദി വ സ്സിയർ. ഹദീഥ് 3045)*

ഹദ്റത്ത് ഖുബയ്ബിന്റെ ചുണ്ടുകളിൽ ഈ അവസാനത്തെ വരിയുടെ വാക്കുകൾ മുഴങ്ങുകയായിരുന്നപ്പോൾ ഉഖ്ബ ബിൻ ഹാരിഥ് മുന്നോട്ടു വന്ന് ആക്രമണം നടത്തി. നബി(സ)തിരുമേനിയുടെ ഈ അനുരാഗി ആ സമയത്ത് മണ്ണിൽ ത്തന്നെയായിരുന്നു. മറ്റൊരു നിവേദനത്തിൽ പറയുന്നത് ഖുറയ്ശികൾ ഹദ്റത്ത് ഖുബയ്ബിനെ(റ) ഒരു മരത്തിൽ കെട്ടിത്തൂക്കുകയും പിന്നെ കുന്തംകൊണ്ട് കുത്തിക്കുത്തി കൊലപ്പെടുത്തുകയുമാണുണ്ടായതെന്നാണ്." *(സീറത്ത് ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ് ഹദ്റത്ത് മുർസാ ബശീർ അഹ് മദ് സാഹിബ്(റ)എം.എ.പേജ് 515)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതു സംബന്ധിച്ച് പറയുന്നു: "തന്റെ വധത്തിനുള്ള സമയമെത്തിയപ്പോൾ ഹദ്റത്ത് ഖുബയ്ബ്(റ) പറഞ്ഞു: "എന്നെ രണ്ട് റക്അത്ത് നമസ്കരിക്കാൻ അനുവദിക്കണം." ഖുറയ്ശികൾ അദ്ദേഹത്തിന്റെ ആഗ്രഹം സമ്മതിച്ചു. അദ്ദേഹം എല്ലാവർക്കും മുന്നിൽ ഈ ലോകത്ത് അവസാനമായി തന്റെ റബ്ബിനെ ഇബാദത്തു ചെയ്തു. അങ്ങനെ അദ്ദേഹം തന്റെ നമസ്കാരം അവസാനിപ്പിച്ചതിനുശേഷം പറഞ്ഞു: "ഞാനെന്റെ നമസ്കാരം ദീർഘിപ്പിക്കാൻ ആഗ്രഹിച്ചിരുന്നു, പക്ഷേ, ഞാൻ മരണത്തെ ഭയപ്പെടുന്നുവെന്ന് നിങ്ങൾ കരുതുമോ എന്ന് ഞാൻ ആശങ്കപ്പെട്ടു." തുടർന്ന് അദ്ദേഹം സാവകാശം തന്റെ ശിരസ്സ് ഘാതകനു മുന്നിലേക്ക് നീട്ടിവെച്ചു കൊടുത്തു. ആ സമയത്ത് അദ്ദേഹം ഈ ഈരടികൾ ചൊല്ലുന്നുണ്ടായിരുന്നു:

വ ലസ്തു ഉബാലീ ഹീന
ഉഖ്തുലു മുസ്‌ലിമൻ

അലാ അയ്യി ശിഖ്ഖിൻ
കാന ലില്ലാഹി മസ്റയീ

വ ദാലിക്ക ഫീ ദാത്തിൽഇലാഹി
വ ഇൻയ്യശഅ്

യുബാരിക് അലാ ഔസ്വാലി
ശിൽവിൻ മുമസ്സയി

മുസ്‌ലിമെന്ന നിലയിൽ ഞാൻ വധിക്കപ്പെടുമ്പോൾ അല്ലാഹുവിനെ ലക്ഷ്യമാക്കി ഞാൻ വീഴുന്നത് ഏതു ഭാഗത്തേക്കാണെന്നതിൽ എനിക്ക് പ്രശ്നമല്ല. ഞാൻ വീഴുന്നത് അല്ലാഹുവിന് വേണ്ടിയാകുന്നു. അവനിച്ഛിക്കുകയാണെങ്കിൽ തുണ്ടമാക്കപ്പെട്ട ശരീരസന്ധികളിലും അനുഗ്രഹം ചൊരിയുന്നതായിരിക്കും.

ഖുബയ്ബ്(റ) ഈ അവസാനത്തെ വരി പൂർത്തിയാക്കിയതും ആരാച്ചാരുടെ വാൾ അദ്ദേഹത്തിന്റെ കഴുത്തിൽ പതിച്ചു. അദ്ദേഹത്തിന്റെ ശിരസ്സ് മണ്ണിൽ വീഴുകയും ചെയ്തു." *(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20 പേജ് 262)*

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. ഹദ്റത്ത് ഖുബയ്ബാണ്(റ) കൊല്ലപ്പെടുന്നതിനു മുമ്പേ രണ്ട് റക്അത്ത് നമസ്കരിക്കണമെന്ന സുന്നത്ത്(നടപടിക്രമം) ആദ്യമായി സ്ഥാപിച്ചത്. *(സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, ബാബു ഗസ്വത്തുർറജീഅ്....ഹദീഥ് 4086)*

ഹദ്റത്ത് ഖുബയ്ബ്(റ) എതിരാളികളെ സംബന്ധിച്ച് ദുആ ചെയ്തിരുന്നു. ഈ ദുആയുടെ ഫലമെ ന്തായിരുന്നു? ഇത് സംബന്ധിച്ച് ബുഖാരിയുടെ വ്യഖ്യാതാവായ അല്ലാമാ ഇബ്നു ഹജ്ർ അസ്ഖലാനി റജീഅ് സരിയ്യ (നബി(സ)തിരുമേനി നേരിട്ട് പങ്കെടുക്കാത്തയുദ്ധം) എന്നതിനു കീഴെ ഒരു ഹദീഥിന്റെ വ്യാഖ്യാനത്തിൽ എഴുതുന്നു: ഹദ്റത്ത് ഖുബയ്ബ്(റ)ശഹാദത്ത് വേളയിൽ ഇപ്രകാരം ദുആ ചെയ്തു: അല്ലാഹുമ്മ അഹ്സിം അദദാ! അല്ലാഹുവേ! ഈ ശത്രുക്കളുടെ എണ്ണം നീ കണക്കിൽ വെക്കേണമേ! എന്റെ ഈ ശത്രുക്കളുടെ എണ്ണം അവരോടു പകരം ചോദിക്കാൻ നീ കണക്കാക്കി വെക്കേണമേ. മറ്റൊരു നിവേദനത്തിൽ ഈ പദങ്ങൾക്കൂടി അധികം വന്നിട്ടുണ്ട്: ***വഖ്തുൽഹും ബദദാ, വലാ തുബ്ഖി മിൻഹും അഹദാ.*** അതായത് അവരെ ഓരോരുത്തരേയും കൊലപ്പെടുത്തേണമേ, അവരിൽ ആരേയും നീ വിട്ടുകളയരുതേ!

***അല്ലാഹുമ്മ അഹ്സിം അദദാ, വഖ്തുൽഹും ബദദാ*** അതായത് അല്ലാഹുവേ! ഈ ശത്രുക്കളുടെ എണ്ണം നീ കണക്കിൽ വെക്കേണമേ, അവരെ ഓരോരുത്തരേയും കൊലപ്പെടുത്തേണമേ! എന്ന ദുആ കേട്ടപ്പോൾ ഭയം കാരണം ഒരു അന്യാരാധകൻ നിലത്ത് കിടക്കുകയുണ്ടായി. (നിവേദനത്തിൽ) പറയുന്നു: ഈ സംഭവത്തിനു ഒരു വർഷം തികയുന്നതിനു മുമ്പേ ഹദ്റത്ത് ഖുബയ്ബിന്റെ(റ) വധത്തിൽ പങ്കാളികളായ ഈയൊരാൾ ഒഴികെ മറ്റാരുംതന്നെ ഭൂമിയിൽ അവശേഷിച്ചില്ല. സകലരും നാമാവശേഷമായി. *(ഫതഹുൽബാരി ശറഹ് സ്വാഹീഹുൽബുഖാരി, ഭാഗം 7, പേജ് 443, ദാറുർറയ്യാൻ ലിത്തുറാഥിൽഖാഹിറത്തി 1986)*

എന്തായാലും അവരിൽ നല്ലൊരു ശതമാനവും കൊല്ലപ്പെട്ടുവെന്നു പറയാം. ഒന്നുകിൽ കൊല്ലപ്പെട്ടു അല്ലെങ്കിൽ മക്ക വിജയ അവസരത്തിൽ ഇസ്‌ലാം സ്വീകരിച്ചു. അങ്ങനെ ഹദ്റത്ത് ഖുബയ്ബിന്റെ ദുആ വളരെ നല്ല നിലയിൽ പൂർത്തിയായി. ചിലർ നേരെ നരകത്തിലെത്തി, ബാക്കിയുള്ളവർക്ക് ഇസ്‌ലാമിലേക്ക് സന്മാർഗദർശനം ലഭിച്ചു.

ഒരു നബിചരിത്രകാരൻ ഇതു സംബന്ധമായി എഴുതുന്നു: മുശ്‌രികീങ്ങൾ ഖുബയ്ബിന്റെ വാക്കുകൾ കേട്ടപ്പോൾ ഭയന്നു വിറച്ചു. ഖുബയ്ബിന്റെ ഈ ദുആ

വൃഥാവിലാകില്ലെന്ന് അവർക്കുറപ്പായിരുന്നു. ഹാരിഥ് ബിൻ ബർസ്വാ അവടെ ഉണ്ടായിരുന്നു. അന്ന് അദ്ദേഹം മുസ്‌ലിമായിട്ടുണ്ടായിരുന്നില്ല. അദ്ദേഹം പറയുന്നു: 'ഖുബയ്ബിന്റെ ദുആ കേട്ടപ്പോൾത്തന്നെ ഈ ശാപപ്രാർഥന വൃഥാവിലാകില്ലെന്ന് എനിക്കു റപ്പായിരുന്നു. അതുകൊണ്ടുതന്നെ ഈ ശാപപ്രാർഥന കേട്ടതും കാഫിരീങ്ങളും മുശ്‌രികീങ്ങളുമായ പലരും കാതുകളിൽ വിരൽ തിരുകി അവിടെ നിന്നോടിപ്പോവുകയുണ്ടായി. കുറച്ചുപേർ ആളുകൾക്ക് പിന്നിൽ ഒളിഞ്ഞിരിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. ശാപപ്രാർഥനയിൽനിന്ന് രക്ഷപ്പെടാൻ തങ്ങളുടെ സമ്പ്രദായമനുസരിച്ച് ചിലർ മരത്തിനു മുകളിൽ കയറുകയും മറ്റു ചിലർ തറയിൽ പതിഞ്ഞു കിടക്കുകയും ചെയ്തു. അങ്ങനെ ഈ ശാപപ്രാർഥനയിൽനിന്ന് രക്ഷപ്പെടാൻ കഴിയുമെന്നാണ് അവർ കരുതിയത്. ആർക്കെങ്കിലുമെതിരിൽ ശാപപ്രാർഥന ചെയ്യപ്പെട്ടാൽ അയാൾ തറയിൽ പതിഞ്ഞു കിടന്നാൽ പ്രസ്തുത ശാപപ്രാർഥനയുടെ ദോഷഫലം ഉണ്ടാകുകയില്ലെന്നവിശ്വാസം അവർക്കിടയിൽ പരമ്പരാഗതമായി നിലനിന്നിരുന്നു.

ഹദ്റത്ത് മുആവിയ ബിൻ അബൂസുഫിയാൻ തന്റെയും തന്റെ പിതാവിന്റെയും ഇസ്‌ലാം ആശ്ലേഷണത്തിനു മുമ്പേയുള്ള ഈ സംഭവത്തെ വിവരിച്ചുകൊണ്ടു പറയുന്നു: മറ്റു ആളുകളെപ്പോലെ ഞാനും എന്റെ പിതാവിന്റെകൂടെ ഈ സ്ഥലത്ത് പോയിരുന്നു. എന്റെ പിതാവ് ഹദ്റത്ത് ഖുബയ്ബിന്റെ ശാപപ്രാർഥന കേട്ടപ്പോൾ ഭയപ്പെടുന്നത് കാണുകയുണ്ടായി. അദ്ദേഹം എന്നെ കിടത്തുന്നതിനുവേണ്ടി വളരെ ബലമായി മണ്ണിലേക്ക് വലിക്കുകയുണ്ടായി. ഞാൻ മലർന്നടിച്ചു വീണു. വീണതിനെ തുടർന്നുണ്ടായ ശക്തമായ പരിക്കു കാരണം വളരെ നീണ്ടകാലം എനിക്ക് പ്രയാസങ്ങൾ അനുഭവപ്പെട്ടിരുന്നു.

ഹുവയ്ത്വിബ് ബിൻ അബ്ദുൽ ഉസ്സ മക്കാ വിജയവേളയിലാണ് മുസ്‌ലിമായത്. അദ്ദേഹം പറയുന്നു: "ഞാൻ ഹദ്റത്ത് ഖുബയ്ബിന്റെ ശാപപ്രാർഥന കേട്ടതും കാതുകളിൽ വിരലുകൾ തിരുകി അവിടെ നിന്നോടിപ്പോയി. അദ്ദേഹത്തിന്റെ ശാപപ്രാർഥന എന്റെ കാതുകളെ പിന്തുടർന്ന് വരുമോ എന്ന് ഞാൻ ഭയപ്പെട്ടു. ഹക്കീം ബിൻ ഹിസാം വിവരിക്കുന്നു: 'ഞാൻ ഹദ്റത്ത് ഖുബയ്ബിന്റെ ശാപപ്രാർഥനയിൽ ഭയപ്പെട്ടുകൊണ്ട് മരങ്ങൾക്കു പിന്നിൽ ഒളിക്കുകയുണ്ടായി. ജുബയ്ർ ബിൻ മുത്‌യിം പറയുന്നു: എനിക്ക് അന്ന് ഹദ്റത്ത് ഖുബയ്ബിന്റെ ശാപപ്രാർഥനയെ അഭിമുഖീകരിക്കാൻ ധൈര്യമുണ്ടായിരുന്നില്ല. ഞാൻ ഭയപ്പെട്ടുകൊണ്ട് ആളുകളുടെ പിന്നിൽ ഒളിച്ചുനിന്നു. നൗഫൽ ബിൻ മുആവിയ ദീലീ മക്കാവിജയാവസരത്തിൽ മുസ്‌ലിമാകുകയുണ്ടായി. അദ്ദേഹം പറയുന്നു. ഞാൻ ഹദ്റത്ത് ഖുബയ്ബിന്റെ ശാപപ്രാർഥനാവസരത്തിൽ അവിടെ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശാപപ്രാർഥന കാരണം അവിടെ ഉണ്ടായിരുന്നവരിൽ ആരുംതന്നെ ജീവനോടെ ബാക്കിയാകില്ലെന്ന് എനിക്കുറപ്പായിരുന്നു. ഞാൻ നിൽക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ശാപപ്രാർഥന കേട്ടപ്പോൾ ഭയപ്പെട്ടു ഭൂമിയിലേക്ക് കുനിയുകയുണ്ടായി. ഖുറയ്ശികൾക്കിടയിൽ ഈ ശാപപ്രാർഥനയെപ്പറ്റി നല്ലവണ്ണം ചർച്ച നടന്നിരുന്നു. ഒരു മാസമോ അതിലധികമോകാലം അവരുടെ സദസ്സുകളിൽ ഹദ്റത്ത് ഖുബയ്ബിന്റെ ശാപപ്രാർഥനയോടുള്ള ഭയം നിലനിന്നിരുന്നു, അവർ അതേപ്പറ്റി പല നിലയ്ക്കും ചർച്ച നടത്തിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു. *(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 6, പേജ് 40 -471, മക്തബ ദാറുസ്സലാം രിയാള് ഹിജ്റ 1434)*

മറ്റൊരു നിവേദനത്തിൽ പറയുന്നു: പ്രസ്തുത ആൾക്കൂട്ടത്തിൽ സയീദ് ബിൻ ആമിറും പങ്കെടുത്തിരുന്നു. ഇദ്ദേഹം പിന്നീട് മുസ്‌ലിമാകുകയുണ്ടായി. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തു കാലം വരെയും ഹദ്റത്ത് ഖുബയ്ബിന്റെ സംഭവം ഓർമ വരുമ്പോഴെല്ലാം അദ്ദേഹം ബോധംകെട്ടു വീഴുമായിരുന്നു. *(സീറത്ത് ഖാത്തുമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ)പേജ് 515-516)*

സഅ്ദ് ബിൻ ആമിർ[റ]നെ പറ്റി പറയുന്നു: ഹദ്റത്ത് ഉമർ[റ] തന്റെ ഖിലാഫത്തുകാലത്ത് ഇദ്ദേഹത്തെ ശാമിൽ കാര്യസ്ഥനായി നിയമിച്ചിരുന്നു. അദ്ദേഹം പലപ്പോഴും ആളുകൾക്കിടയിൽത്തന്നെ ബോധംകെട്ടു വീണിരുന്നു. അദ്ദേഹം രോഗിയാണെന്നും അങ്ങനെയൊരു ആളെയാണ് തങ്ങളുടെ ഭരണാധിപനായി നിയമിച്ചിരിക്കുന്നതെന്നും ആളുകൾ ഹദ്റത്ത് ഉമറിനോട് പരാതിപ്പെട്ടിരുന്നു. ഒരിക്കൽ അദ്ദേഹം ഹദ്റത്ത് ഉമറിനെ കാണാൻ വരികയുണ്ടായി. അപ്പോൾ ഹദ്റത്ത് ഉമർ[റ] അദ്ദേഹത്തോടു ചോദിച്ചു: 'സഅ്ദേ! താങ്കൾക്ക് വല്ല രോഗവുമുണ്ടോ?' അദ്ദേഹം പറഞ്ഞു: "യാ അമീറൽ മുഅ്മിനീൻ! എനിക്ക് ഒരു അസുഖവുമില്ല, പക്ഷേ, ഹദ്റത്ത് ഖുബയ്ബിനെ വധിക്കുന്ന സന്ദർഭത്തിൽ അന്നവിടെ കൂടിയ ആൾക്കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. അന്നു ഹദ്റത്ത് ഖുബയ്ബ് ചെയ്ത ദുആ ഓർമ വരുമ്പോൾ ഭയംകൊണ്ട് ഞാൻ ബോധംകെട്ടു വീണു പോകുന്നു." *(അസ്സീറത്തുന്നബ് വിയ്യ ലിഇബ്നി ഹിശാം, ദിക്റു യൗമുർറജീയി ഫി ഥനത്തിൻ ഥലാഥിൻ ഭാഗം 2, പേജ് 150, ദാറുൽമഅ്രിഫ ബെയ്റൂത്ത് 2000)*

നബി[സ]തിരുമേനി ഹദ്റത്ത് ഖുബയ്ബിന്റെ മൃതദേഹം കുരിശിൽ നിന്നിറക്കാൻ ഒരു സംഘത്തെ അയച്ചതു സംബന്ധിച്ച് നിവേദനത്തിൽ പറയുന്നു: ഖുറയ്ശികൾ മൃതദേഹം അവിടെത്തന്നെ തൂങ്ങിക്കിടക്കുന്നതിനും കേടുവരുന്നതിനും അഴുകിപ്പോകുന്നതിനും വേണ്ടിയോ പിന്നീട് തങ്ങൾക്ക് പകരം വീട്ടാമെന്ന് കരുതിക്കൊണ്ടോ പ്രസ്തുത കുരിശിന് കാവൽ നിൽക്കാൻ 40 ആളുകളെ നിയമിച്ചിരുന്നു. ഏതായാലും നബി[സ]തിരുമേനി ഹദ്റത്ത് ഖുബയ്ബിന്റെ മൃതദേഹം കുരിശിൽ നിന്നിറക്കുന്നതിനു വേണ്ടി ഹദ്റത്ത് മിഖ്ദാദിനേയും ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമിനെയും മക്കയിൽ പറഞ്ഞയച്ചു. നബി[സ]തിരുമേനിക്ക് അതേക്കുറിച്ച് അറിവ് ലഭിച്ചിട്ടുണ്ടായിരുന്നു. ഒരുപക്ഷേ, അല്ലാഹു അറിയിപ്പ് നൽകിയതായിരിക്കാം.

ഒരു നിവേദനത്തിൽ പറയുന്നു: നബി[സ] തിരുമേനി ചോദിച്ചു: "നിങ്ങളിലാരാണ് ഖുബയ്ബിനെ കുരിശിൽനിന്നിറക്കി കൊണ്ടുവരിക? അവർക്ക് സ്വർഗം ലഭിക്കുന്നതാണ്." അപ്പോൾ ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം[റ] പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാനും എന്റെ സുഹൃത്ത് മിഖ്ദാദ് ബിൻ അസ്‌വദും ഈ കർത്തവ്യം നിറവേറ്റാം.' അങ്ങനെ അവർ ഹദ്റത്ത് ഖുബയ്ബിന്റെ മൃതദേഹമുള്ള സ്ഥലത്തെത്തിയപ്പോൾ അവിടെ 40 ആളുകളെ കാണുകയുണ്ടായി. പക്ഷേ, അവരെല്ലാം ലഹരിയിലായിരുന്നു. അവർ രണ്ടുപേരും ചേർന്ന് ഹദ്റത്ത് ഖുബയ്ബിനെ ഇറക്കുകയുണ്ടായി. ഇത് ഖുബയ്ബിന്റെ ശഹാദത്തിന് നാൽപത് ദിവസം കഴിഞ്ഞിട്ടുള്ള കാര്യമാണ്. ഹദ്റത്ത് സുബയ്ർ, ഹദ്റത്ത് ഖുബയ്ബിന്റെ മൃതദേഹം തന്റെ കുതിരപ്പുറത്തുവെച്ചു, അവർ അവിടെനിന്ന് പുറപ്പെടുകയും ചെയ്തു. സത്യനിഷേധികൾ അതേപ്പറ്റി അറിയാനിടയായി. അവർ ഖുബയ്ബിനെ കാണാതായപ്പോൾ ഖുറയ്ശികൾക്ക് അതേപ്പറ്റി അറിയിപ്പ് നൽകുകയുണ്ടായി. അപ്പോൾ അവരിൽനിന്ന് 70 പേർ പുറപ്പെട്ടു. അന്വേഷണത്തിനുവേണ്ടി വേറെയും ആളുകളെ ഉൾപ്പെടുത്തുകയും ചെയ്തു. അങ്ങനെ ഖുറയ്ശികളുടെ ആളുകൾ ഈ രണ്ട് സ്വഹാബാക്കളുടെയും അടുത്തെത്തിയപ്പോൾ ഹദ്റത്ത് സുബയ്ർ, ഹദ്റത്ത് ഖുബയ്ബിന്റെ മൃതദേഹം നിലത്തുവെച്ചു, ഹദ്റത്ത് സുബയ്ർ തന്റെ തലപ്പാവ് അഴിച്ചശേഷം അവരോടു പറഞ്ഞു: 'ഞാൻ സുബയ്ർ ബിൻ അവ്വാമും ഇത് എന്റെ സുഹൃത്ത് മിഖ്ദാദ് ബിൻ അസ്‌വദും ആകുന്നു. ഞങ്ങൾ സ്വന്തം കുഞ്ഞുങ്ങളെ പിന്നിൽ വിട്ടുവന്ന സിംഹങ്ങളാകുന്നു, നിങ്ങളാഗ്രഹിക്കുന്നെങ്കിൽ ഞങ്ങൾ നിങ്ങളെ അമ്പുകൾ കൊണ്ട് സ്വാഗതം ചെയ്യാം, ഞങ്ങൾ നിങ്ങളെ ആക്രമിക്കാം, അതല്ല ഇവിടെനിന്ന് പോകാനാഗ്രഹിക്കുന്നെങ്കിൽ നിങ്ങൾക്ക് തിരിച്ചു പോകാവുന്നതാണ്. ഇതു കേട്ടപ്പോൾ മുശ്‌രികീങ്ങൾ തിരിച്ചു പോകുകയുണ്ടായി. അതിനുശേഷം സുബയ്ർ നോക്കുമ്പോൾ ഭൂമി വിഴുങ്ങിക്കളഞ്ഞതുപോലെ ഹദ്റത്ത് ഖുബയ്ബിന്റെ മൃതദേഹം അപ്രത്യക്ഷമായിട്ടുണ്ടായിരുന്നു. തുടർന്ന് അദ്ദേഹത്തിന്റെ നാമം ബലീഉൽ അർള് അതായത് ഭൂമി വിഴുങ്ങിക്കളഞ്ഞവൻ എന്ന പേരിൽ പ്രസിദ്ധമായി.

മൃതദേഹം അപ്രത്യക്ഷമായതിനെ സംബന്ധിച്ച് വിസ്മയകരമായി തോന്നുന്ന ഇത്തരം നിവേദനങ്ങളാണുള്ളത്. എങ്കിലും എങ്ങനെയാണ് മൃതദേഹം അപ്രത്യക്ഷമായതിനെ സംബന്ധിച്ച് സ്വഹീഹ് എന്നു തോന്നുന്ന ഒരു നിവേദനമുണ്ട്. അത് പിന്നീട് വിവരിക്കുന്നതാണ്. എന്തായാലും ഹദ്റത്ത് സുബയ്റിന്റേയും ഹദ്റത്ത് മിഖ്ദാദിന്റേയുംമേലുള്ള മലക്കുകളുടെ അഭിമാനത്തെ കുറിച്ച് എഴുതിയിരിക്കുന്നു, അതായത് ഇതിനുശേഷം ഹദ്റത്ത് സുബയ്റും ഹദ്റത്ത് മിഖ്ദാദും മദീനയിൽ നബി[സ]തിരുമേനിയുടെ അടുത്തെത്തി. ആ നേരത്ത് നബി[സ]തിരുമേനിയുടെ അടുത്ത് ജിബ്‌രീൽ[അ]ഉണ്ടായിരുന്നു. ജിബ്‌രീൽ[അ]

നബി(സ)തിരുമേനിയോടു പറഞ്ഞു: മുഹമ്മദേ!(സ)അങ്ങയുടെ സ്വഹാബിമാരിൽ ഈ രണ്ടാളുകളുടെമേൽ മലക്കുകളും അഭിമാനിക്കുന്നു. *(സീറത്തു ഹൽബിയ്യ, വാള്യം 3, പേജ് 236, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(താരീഖുൽഖുമയ്സ് വാള്യം 2, പേജ് 254, ദാറുൽകുതുബുൽ ഇൽമിയ്യ 2009)*

ചരിത്രഗ്രന്ഥങ്ങളിൽ ഹദ്റത്ത് ഖുബയ്ബിന്റെ മൃതശരീരം കൊണ്ടുവരുന്നതിന് മറ്റൊരു സംഘത്തെ അയച്ചിരുന്നതായും അറിയാൻ കഴിയുന്നു. ഒരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി ഹദ്റത്ത് അംറ് ബിൻ ഉമയ്യായെ തനിച്ച് ചാരനായി ഖുറയ്ശികളുടെ അടുത്തയച്ചു. അദ്ദേഹം പറയുന്നു: ഞാൻ ഹദ്റത്ത് ഖുബയ്ബിനെ കെട്ടിയിട്ട കുരിശിന്നടുത്ത് വന്നു. ഞാൻ ചാരന്മാരെ ഭയക്കുകയായിരുന്നു. ഞാൻ കുരിശിനുമേൽ കയറി. ഞാൻ ഹദ്റത്ത് ഖുബയ്ബിന്റെ മൃതശരീരം അഴിച്ചപ്പോൾ അത് തറയിലെത്തി. ഞാൻ കുറച്ചു നേരത്തേക്ക് മാറിനിന്നു. ഞാനെന്റെ പിന്നിൽ ശബ്ദം കേട്ടു. ഞാൻ നോക്കിയപ്പോൾ അവിടെ ഖുബയ്ബിന്റെ മൃതദേഹം കണ്ടില്ല;ഭൂമി അദ്ദേഹത്തെ വിഴുങ്ങിയതുപോലെ. പിന്നീട് ഇന്നേവരെ അതിന്റെ ഒരു അടയാളവും കണ്ടിട്ടില്ല.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 45, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)*

ഇതിലും അതിശയോക്തി കലർന്നിരിക്കുന്നതായി തോന്നുന്നുണ്ട്. എന്തായാലും ഇത്തരത്തിലുള്ള നിവേദനങ്ങൾ ചരിത്രത്തിൽ എഴുതിയിരിക്കുന്നു. മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് അംറ് ബിൻ ഉമയ്യ ളംരീയോടൊപ്പം ഹദ്റത്ത് ജബ്ബാർ ബിൻ സ്വഖർ അൻസ്വാരിയും അയക്കപ്പെട്ടിരുന്നു. ഹദ്റത്ത് ഖുബയ്ബിന്റെ മൃതശരീരം കാത്തുസൂക്ഷിച്ചിരുന്ന മലക്കുകൾ അവരിരുവരേയും പിന്തുടർന്നപ്പോൾ ഹദ്റത്ത് ജബ്ബാർ മൃതശരീരം നദിയിലേക്കെറിഞ്ഞു. ഇപ്രകാരം അല്ലാഹു ഖുബയ്ബിന്റെ മൃതശരീരത്തെ സത്യനിഷേധികളിൽ നിന്ന് അപ്രത്യക്ഷമാക്കി.*(അസ്സീറത്തുന്നബവിയ്യ ലി ഇബ്നി ഹിശാം പേജ് 885, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത് 2001)*ഞാൻ പറഞ്ഞതുപോലെ ഇതിന്റെ വിവിധ നിവേദനങ്ങളുണ്ട്.

അവർ പിന്നാലെ ഓടിയപ്പോൾ ഹദ്റത്ത് ജബ്ബാർ(റ) മൃതദേഹം നദിയിലേക്ക് വലിച്ചെറിയുകയും നദി അതിനെ ഒഴുക്കിക്കൊണ്ട് പോകുകയും ചെയ്തു എന്ന് പറയുന്ന നിവേദനമാണ് കൂടുതൽ ശരിയായി തോന്നുന്നത്. നദിയിലെ ശക്തമായ ഒഴുക്കു മൃതദേഹങ്ങൾ ഒഴുക്കിക്കൊണ്ടു പോകാറുണ്ട്. ഇത് സംബന്ധിച്ചും വ്യത്യസ്ത നിവേദനങ്ങളുണ്ട്. ഏതായാലും അദ്ദേഹത്തിന്റെ മൃതദേഹത്തിൽ ശത്രുക്കൾക്ക് തൊടാൻ കഴിഞ്ഞില്ല. ഭൂമി വിഴുങ്ങി അപ്രത്യക്ഷമായി എന്നാണ് അവരും പറയുന്നത്. *ബലീഉൽ അർള്* എന്ന പേരിൽ, അതായത് ഭൂമി വിഴുങ്ങി അപ്രത്യക്ഷമായി എന്ന നിലയിൽ അദ്ദേഹം പ്രസിദ്ധനാകുകയും ചെയ്തു. ശത്രുക്കൾക്ക് തങ്ങളുദ്ദേശിച്ചതൊന്നും ചെയ്യാൻ കഴിഞ്ഞില്ല. അങ്ങനെ അല്ലാഹു അദ്ദേഹത്തിന്റെ മൃതദേഹത്തെ അനാദരവിൽനിന്ന് രക്ഷിക്കുകയും ചെയ്തു.

കഴിഞ്ഞ ഖുത്ബയിൽ കടന്നൽക്കൂട്ടവും തേനീച്ചക്കൂട്ടവും മുഖേന മൃതദേഹത്തെ കാത്തുസൂക്ഷിച്ച സംഭവം പറഞ്ഞിരുന്നു. അനാദരവു കാണിക്കാൻ അവർക്ക് സാധിച്ചില്ല. *(അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3, പേജ് 353, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)*

ഇവരാണ് അല്ലാഹുവിനെ സ്നേഹിക്കുകയും അല്ലാഹുവിനുവേണ്ടി ത്യാഗങ്ങൾ വരിക്കുകയും ചെയ്തവർ. അല്ലാഹുവും അവരെ വിലമതിക്കുകയും പിന്നെ മരണശേഷം അവരുടെ മൃതദേഹങ്ങൾ സംരക്ഷിക്കുകയും ചെയ്യുകയുണ്ടായി.

ഇവിടെ ഈ സരിയ്യയുടെ(നബി(സ)തിരുമേനി നേരിട്ട് പങ്കെടുക്കാത്തയുദ്ധത്തിന്റെ) വിവരണം അവസാനിക്കുന്നു.

ദുആകളിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. ഫലസ്ത്വീനികൾക്കുവേണ്ടി പ്രത്യേകമായും ദുആ ചെയ്യുക. ഇപ്പോൾ എല്ലാം പാരമ്യതയിലെത്തിയിരിക്കുകയാണ്. റഫഹയെ സംബന്ധിച്ച് നേരത്തെ അമേരിക്ക പറഞ്ഞത് ഇത് തങ്ങളുടെ റെഡ്‌ലൈനായിരിക്കുമെന്നാണ്. ഇപ്പോൾ പറയുന്നു: അല്ല, തീർന്നിട്ടില്ലെന്ന്! അവരുടെ റെഡ്‌ലൈനിന്റെ മാനദണ്ഡമെന്താണെന്നും എത്ര ലക്ഷം ജനങ്ങളെ അവർ കൊല്ലുമെന്നും മനസിലാകുന്നില്ല. പിന്നീട് എന്തെങ്കിലും സന്ധി ഉണ്ടാക്കും. അല്ലാഹു ഈ അക്രമികളിൽ നിന്ന് ലോകത്തെ രക്ഷിക്കുമാറാകട്ടെ, നിരപരാധികളായ ഫലസ്ത്വീനികളെയും രക്ഷിക്കുമാറാകട്ടെ. അതുപോലെ സുഡാനികൾക്കുവേണ്ടിയും ദുആ ചെയ്യുക. അവിടെ സ്വന്തം ജനതയിലെ ആളുകൾത്തന്നെ സ്വന്തക്കാരെ കൊല്ലുകയാണ്, മുസ്ലിമീങ്ങൾ മുസ്ലിമീങ്ങളെ കൊല്ലുന്നു. അല്ലാഹു അവർക്ക് ബുദ്ധി നൽകുമാറാകട്ടെ, അവർക്ക് അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ കഴിയുമാറാകട്ടെ. അല്ലാഹുവിന്റെ കൽപ്പനകളെ മുസ്ലിമീങ്ങളെന്ന് പറയപ്പെടുന്ന ഇവർക്ക് അതനുസരിച്ച് പ്രവർത്തിക്കാനും കഴിയുമാറാകട്ടെ.

യമനിലെ തടവുകാർക്കുവേണ്ടിയും ദുആ ചെയ്യുക, അല്ലാഹു അവരുടെ മോചനത്തിന് വഴിയൊരുക്കുമാറാകട്ടെ. പാകിസ്താനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അവിടെയും അവസ്ഥകളിൽ ഏറ്റക്കുറച്ചിലുകൾ വന്നുകൊണ്ടിരിക്കുന്നു. ഈദ് വരികയാണ്. മൗലവിമാർ കൂടുതൽ ചൂടായിത്തുടങ്ങും. അല്ലാഹു ഓരോ അഹ്മദിയെയും എല്ലാ ദ്രോഹത്തിൽനിന്നും രക്ഷിക്കുമാറാകട്ടെ. തടവറയിൽ കഴിയുന്നവർക്കും എത്രയുംവേഗം മോചനത്തിന് വഴിയൊരുക്കുമാറാകട്ടെ.

ഇനി ഞാൻ നമസ്കാരത്തിനുശേഷം ജനാസ ഗാഇബും നമസ്കരിക്കുന്നതാണ്. ആദ്യത്തെ ജനാസ നമ്മുടെ മുറബ്ബിയായ ചൗദരീ മുനീർ അഹ്മദ് സാഹിബിന്റേതാണ്. അദ്ദേഹം അമേരിക്കൻ എംടിഎ ഇന്റർനാഷണൽ ടെലിപോർട്ടിന്റെ ഡയറക്ടറായിരുന്നു. കഴിഞ്ഞ ദിവസം 73-ാമത്തെ വയസിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹത്തിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പ്രമാതാമഹൻ ഹദ്റത്ത് മൗലവി ഫള്‌ലുദ്ദീൻ സാഹിബ്(റ) മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 313 സ്വഹാബാക്കളുടെ ലിസ്റ്റിൽ രണ്ടാമത്തെ പേര് ഇദ്ദേഹത്തിന്റേതാണ്. ചൗദരി മുനീർ സാഹിബ് 1978-ൽ ജാമിഅ അഹ്മദിയ്യായിൽനിന്ന് ശാഹിദ് പരീക്ഷ പാസായി. പിന്നെ പാക്കിസ്താനിൽ പല സ്ഥലങ്ങളിലും മുറബ്ബിയായി സേവനം ചെയ്തു കൊണ്ടിരുന്നു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മർക്കസിയ്യായിൽ മുഅ്തമിദായും സേവനം ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. 81-ൽ അമേരിക്കയിലേക്കയച്ചു. 90-വരെ അവിടെ തുടർന്നു. പിന്നെ തിരിച്ചുവന്നു. 94-ൽ വീണ്ടും അമേരിക്കയിൽപോയി. ജീവിതാവസാനംവരെ അമേരിക്കയിൽത്തന്നെ തുടർന്നു ജമാഅത്തുപരമായ സേവനങ്ങൾ ചെയ്തു കൊണ്ടിരുന്നു. അദ്ദേഹം എംടിഎ ടെലിപോർട്ട് അമേരിക്ക സ്ഥാപിക്കുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ആദ്യം ഇത് അവിടെ മാത്രം ട്രാൻസ്മിറ്റ് ചെയ്യുന്നതിനുള്ള ഒരു ചെറിയ സ്റ്റുഡിയോ ആയിരുന്നു. പിന്നീട് അത് വിപുലീകരിച്ചു. സൗത്ത് അമേരിക്കക്കുവേണ്ടി പ്രത്യേകം വിഭാഗം തന്നെ ആരംഭിച്ചു. ഇദ്ദേഹത്തെ ഞാൻ അതിന്റെ ഡയറക്ടറാക്കുകയും ചെയ്തു. കഠിനാധ്വാനത്തോടും ത്യാഗമനോഭാവത്തോടും കൂടി പ്രവർത്തിക്കുകയുണ്ടായി. വലിയ ടെക്നിക്കൽ സ്കില്ലൊന്നും നേടിയിരുന്നില്ല, ഭൗതികമായ അറിവ് കരസ്ഥമാക്കിയിരുന്നില്ല. അതായത് പ്രത്യേകം ഡിഗ്രി

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപ്പിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**"പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'"**

*(ജുമുഅ ഖുത്ബ 4-10-2019)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

യൊന്നും നേടിയിട്ടില്ല. എന്നാൽ, സ്വയം താൽപര്യമുണ്ടായിരുന്നു. അതുകൊണ്ട് സ്വന്തം നിലയ്ക്ക് അറിവ് സമ്പാദിക്കുകയും ഈ ടെലിപോർട്ട് വളരെ നല്ലനിലയിൽ അദ്ദേഹം പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. എല്ലാ നിലയ്ക്കും ടെക്നിക്കൽ തലത്തിലും നല്ല ഉന്നത നിലവാരത്തിലെത്തിച്ചു.

അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ ഒരു മകനും രണ്ട് പെൺമക്കളുമുണ്ട്.

ആ കുട്ടികൾ പറഞ്ഞു: അല്ലാഹുവിലെപ്പോഴും തവക്കുൽ ചെയ്തിരുന്നു. പ്രയാസഘട്ടങ്ങളിൽ ദുആയിലേക്ക് തിരിഞ്ഞിരുന്നു. സാധ്യമായ ഉപായങ്ങളെല്ലാം ഉപയോഗപ്പെടുത്തുക, പിന്നെ കാര്യം പൂർണമായും അല്ലാഹുവിൽ വിടുക എന്ന് എപ്പോഴും പറയുമായിരുന്നു. അതിഥിസൽക്കാരത്തിന്റെ സ്വഭാവം വളരെ പ്രകടമായിരുന്നു. എപ്പോഴും വീട് അതിഥികൾക്കുവേണ്ടി തുറന്നു കിടന്നിരുന്നു. എപ്പോഴും ഖിലാഫത്തിനോടു ചേർന്നു നിൽക്കാൻ മക്കളെ ഉപദേശിച്ചിരുന്നു. എംടിഎ ക്കുവേണ്ടി എല്ലാ കഴിവുകളും പ്രയോജനപ്പെടുത്തിയിരുന്നു. മക്കൾ പറയുന്നു: ആശുപത്രിയിൽ വിവിധ സന്ദർഭങ്ങളിൽ ഒരു നീണ്ടകാലം കഴിച്ചു കൂട്ടേണ്ടി വന്നിട്ടുണ്ട്. ആശുപത്രിയിൽ അഡ്മിറ്റായ വേളയിലും അവിടെയും എംടിഎ ക്കുവേണ്ടി സേവനം ചെയ്തിരുന്നു. ചുരുക്കത്തിൽ ഒരു വാഖ്ഫെ സിന്ദഗിയുടെ ഉന്നത മാതൃകയായിരുന്നു.

അമേരിക്കയിലെ അമീർ ജമാഅത്ത് മിർസാ മഗ്ഫൂർ അഹ്മദ് സാഹിബ് എഴുതുന്നു: അദ്ദേഹത്തിന്റെ ഒരു വലിയ മേന്മയെന്തെന്നാൽ അദ്ദേഹം തന്റെ വകുപ്പ് നന്നാക്കാൻ മാത്രമായി പരിശ്രമിക്കുകയും ശ്രദ്ധിക്കുകയുമല്ല ചെയ്തിരുന്നത്. പ്രത്യുത തന്റെ സമയവും അറിവും ജമാഅത്തിന്റെ മറ്റു പ്രവർത്തനങ്ങൾക്കുവേണ്ടി നൽകാനുമൊരിക്കലും അമാന്തിച്ചിരുന്നില്ല. ചില ജമാഅത്തുപരമായ കാര്യങ്ങളിൽ അദ്ദേഹം വളരെ സന്തോഷത്തോടെയും ശ്രദ്ധയോടെയും എന്നെയും സഹായിച്ചിരുന്നു. ജമാഅത്തിന്റെ നന്മക്ക് അദ്ദേഹത്തിന്റെ അറിവിൽ വല്ല കാര്യവുമുണ്ടെങ്കിൽ ജമാഅത്തീ സംവിധാനവുമായി ബന്ധപ്പെട്ട് അതിലേക്ക് ശ്രദ്ധക്ഷണിക്കുകയും ചെയ്തിരുന്നു. ജമാഅത്തീ സംവിധാനത്തോടുള്ള പൂർണമായ സഹകരണവും അതിന്റെ പ്രാധാന്യവും അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലും നല്ലപോലെ പ്രകടമായിരുന്നു. ഖിലാഫത്തിന്റെ ആത്മാർഥ അനുസാരിയായിരുന്നു. കാലത്തിന്റെ ഖലീഫയുടെ നിർദ്ദേശങ്ങൾ മനസ്സിലാക്കി അവ പ്രാവർത്തികമാക്കാനും എപ്പോഴും തയ്യാറായിരുന്നു. (അമീർ സാഹിബ്) പറയുന്നു: ഞാനെപ്പോഴും അദ്ദേഹത്തെ കാലത്തിന്റെ ഖലീഫയുടെ ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കും അനുസൃതമായി വളരെ ചുറുചുറുക്കോടെ പ്രവർത്തിക്കാൻ ശ്രമിക്കുന്നതായിട്ടാണ് കണ്ടിട്ടുള്ളത്.

അദ്ദേഹത്തിന്റെ ബന്ധു കൂടിയായ ബുർക്കിനാ ഫാസോ അമീർ സാഹിബ് എഴുതുന്നു: ചെറുപ്പകാലത്തുള്ള ഒരു സംഭവമുണ്ട്, ഏതാനും മാസം പ്രായമുള്ളപ്പോൾ അദ്ദേഹത്തിന് തീരെ സുഖമില്ലാതായി. അവസാന ഘട്ടമാണെന്ന അവസ്ഥയിലായി. മൗലാനാ ഗുലാം റസൂൽ സാഹിബ് രാജേകി ആ ദിവസങ്ങളിൽ ഇദ്ദേഹത്തിന്റെ നാട്ടിലുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ ഉമ്മ മകന്റെ രോഗാവസ്ഥയിൽ അസ്വസ്ഥയായി മൗലവി സാഹിബിന്റെ അടുക്കൽ കുട്ടിയേയും കൊണ്ടുപോയി എന്നിട്ട് മൗലവി സാഹിബിന്റെ മടിയിൽ കുട്ടിയെ കൊടുത്തശേഷം പറഞ്ഞു: ഇവൻ പോയി, പറയുന്നതിനോടൊപ്പം ഉമ്മ കരയുന്നുമുണ്ടായിരുന്നു. മൗലവി സാഹിബ് പറഞ്ഞു: 'സുഖപ്പെടുന്നതാണ്, ഇവനെ വഖ്ഫു ചെയ്യൂ.' അങ്ങനെ അദ്ദേഹം ചെറുപ്രായത്തിൽത്തന്നെ വഖ്ഫു ചെയ്തു. അവിടെ വെച്ചുതന്നെ വഖ്ഫു ചെയ്യുകയാണെന്ന് ഉമ്മ ശപഥം ചെയ്യുകയുണ്ടായി. അദ്ദേഹം പറയുന്നു: ഞാൻ പഠനത്തിലും മറ്റും പിന്നിലായിരുന്നു, അതുകൊണ്ട് എന്നോടു മീർ സാഹിബ് ഉപദേശിച്ചുകൊണ്ട് പറഞ്ഞു:സൂറ ഫാതിഹ, അസംബ്ലി നടക്കുമ്പോഴും ചൊല്ലിക്കൊണ്ടിരിക്കുക, ഞാൻ അത് സ്ഥിരമായി ചൊല്ലാറുണ്ട്.

മുറബ്ബി ശംശാദ് നാസിർ സാഹിബ് പറയുന്നു: (ഏറെക്കുറെ എല്ലാവരും അദ്ദേഹത്തിന്റെ നന്മയിൽ ഇതുതന്നെയാണ് എഴുതിയിട്ടുള്ളത്), അദ്ദേഹം ഖിലാഫത്തിന്റെ കൽപ്പനകൾ പൂർണമായും അനുസരിക്കുന്ന ആളായിരുന്നു. അധികവും രോഗാതുരനായിരുന്നെങ്കിലും ഒരിക്കലും ആരോടും അത് പറയുകയോ തന്റെ പ്രയാസങ്ങൾ പ്രകടിപ്പിക്കുകയോ ചെയ്തിരുന്നില്ല. എപ്പോഴും തന്റെ ജോലിയിൽ വ്യാപൃതനായിരുന്നു. വളരെ അധ്വാനപൂർവം അതിൽ മുഴുകിയിരുന്നു. എല്ലാത്തരത്തിലുള്ള കാര്യങ്ങളിലും നല്ല പ്രാവീണ്യമുണ്ടായിരുന്നു. വളരെ ആഴത്തിൽ കാര്യങ്ങൾ പഠിച്ചിരുന്നു. മാത്രമല്ല മുറബ്ബിമാർക്ക് മാർഗനിർദ്ദേശങ്ങളും നൽകിയിരുന്നു. നല്ല സംഘാടകനുമായിരുന്നു. കൂടെയുള്ളവരോടു വാത്സല്യപൂർവം പെരുമാറിയിരുന്നു. അതിഥിസൽക്കാരപ്രിയനുമായിരുന്നു. ഇതു മക്കൾ മാത്രമല്ല മറ്റുള്ളവരും അനുഭവിച്ചിരുന്നതുകൊണ്ടാണ് എഴുതിയത്. മന്ദസ്മിതത്തോടെ എല്ലാവരോടും ഇടപഴകുന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. അദ്ദേഹം സൗമ്യനായിരുന്നുവെങ്കിലും വളരെ ധീരമായി കാര്യങ്ങൾ ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തിന് ബൗദ്ധികമായി അത്ഭുതാവഹമായ കാര്യപ്രാപ്തി നൽകിയിരുന്നു. മുറബ്ബി ആയിരുന്നു. പക്ഷേ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അദ്ദേഹത്തെ ആർട്ട് സ്റ്റേഷനിൽ നിയമിക്കുകയുണ്ടായി. അദ്ദേഹം ഓരോ സംഗതിയും അതിന്റെ ആഴങ്ങളിലെത്തി പഠിക്കുകയും അതിനെ പരമാവധി വിജയത്തിലെത്തിക്കുകയും ചെയ്തിരുന്നു.

അമേരിക്കമുഴുവൻ പ്രോഗ്രാം എത്തിക്കുന്നതിനു അവിടെ നിന്നുതന്നെ ട്രാൻസ്മിറ്റ് ചെയ്യുന്നതിനു വേണ്ടി പുതിയ ഡിഷ് വെക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ബന്ധപ്പെട്ട കാര്യാലയത്തിൽ നിന്ന് അനുമതി വാങ്ങേണ്ടിയിരുന്നു. അവിടെ നിന്ന് ഇൻസ്പെക്ടർ വന്നു. അദ്ദേഹം അനുമതി നൽകിയില്ല. ഫോറത്തിൽ ഒപ്പിട്ടില്ല. ഏതായാലും അദ്ദേഹം എനിക്ക് വിവരങ്ങളെഴുതി അറിയിച്ചു. ഞാൻ പറഞ്ഞു: നിങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കുക, അല്ലാഹു സഹായിക്കുന്നതാണ്. കുറച്ചു കാലത്തിനു ശേഷം ഘാനക്കാരനായ ഒരു ഇൻസ്പെക്ടറാണ് വന്നത്. അദ്ദേഹം ജമാഅത്തിന്റെ പേര് കേട്ടപ്പോൾ പറഞ്ഞു: ഞാനും അഹ്മദിയ്യാ ജമാഅത്തിന്റെ സ്കൂളിലാണ് പഠിച്ചത്, അങ്ങനെ അദ്ദേഹം ഒപ്പിടുകയും അനുമതി ലഭിക്കുകയും ചെയ്തു. ഏതായാലും ഇത് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമായിരുന്നു. അദ്ദേഹത്തിന്റെ പ്രയത്നവും ദുആയുംകൊണ്ടാണ് അല്ലാഹു ഈ ജോലിയും എളുപ്പമാക്കിയത്.

ലഈഖ് മുശ്താഖ് സാഹിബ് മുറബ്ബി സുറിനാം പറയുന്നു: അദ്ദേഹം തെക്കേ അമേരിക്കയിൽ പര്യടനം നടത്തി. എം.ടി. എയെ കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കി. മൂന്നുദിവസം സുറിനാമിൽ താമസിച്ചു. അദ്ദേഹം പറഞ്ഞു: എന്നെ കാലത്തിന്റെ ഖലീഫ ഒരു ഉദ്ദേശ്യത്തിനുവേണ്ടിയാണ് അയച്ചിട്ടുള്ളത്. ഞാൻ ഈ ജോലിമാത്രമെ ചെയ്യുകയുള്ളു. അതുകൊണ്ട് മറ്റു പരിപാടികളൊന്നും ഉണ്ടായിരിക്കുന്നതല്ല. മുഴുവൻ സമയവും എം.ടി.എയുടെ സംപ്രേഷണത്തിന്റെ പരിശോധനയ്ക്കും വീടുകളിൽപ്പോയി ജമാഅത്തംഗങ്ങളോടു എം.ടി.എ യെ പ്രയോജനപ്പെടുത്താൻ പറയാനും എം.ടി.എയുടെ സംപ്രേഷണ നേരത്ത് യുവാക്കൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്ബ 4-10-2019)*

ത്വാലിബെ ദുആ:
K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH, VANIYAMBALAM, KERALA

**• അല്ലാഹുവിന്റെ കലാം •**

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ."**

*(വിശുദ്ധ ഖുർആൻ 3:148)*

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

പരിഹരിക്കാനുമാണ് അദ്ദേഹം ചെലവഴിച്ചത്. ഇദ്ദേഹം പറയുന്നു:എന്നോടൊരിക്കൽ അദ്ദേഹം പറഞ്ഞു, ഒരു മുറബ്ബി എന്നോടു പരാതിപ്പെട്ടു. ചിലപ്പോൾ മുറബ്ബിമാരും ഇത്തരം പരാതിപ്പെടാറുണ്ട്. തങ്ങളെ ഏഴുവർഷം ജാമിഅയിൽ പഠിപ്പിച്ചുവെന്നും ഇപ്പോൾ ഓഫീസിൽ പിടിച്ചിരുത്തിയെന്നും പരാതിപ്പെടാറുണ്ട്. അപ്പോൾ ഞാനും ചൗദരീ മുനീർ സാഹിബും, എപ്പോൾ എങ്ങനെ പണിയെടുപ്പിക്കണമെന്ന് കാലത്തിന്റെ ഖലീഫയ്ക്ക് നല്ലവണ്ണം അറിയാമെന്ന് അതിനു മറുപടി നല്കി. ജമാഅത്തിന്റെ മുബല്ലിഗാണ്. അദ്ദേഹം പറയുന്നു: ഞാനും ജമാഅത്തിന്റെ മുബല്ലിഗാണ്. എന്നാൽ, കഴിഞ്ഞ 15 വർഷമായി കാലത്തിന്റെ ഖലീഫയുടെ കൽപ്പനയാൽ ഞാൻ ടെലിപ്പോർട്ടിന്റെ ജോലി ചെയ്യുന്നു. ചുറ്റികയും വിരിപ്പും കൈയിലുണ്ടാകുന്നു. ടെക്നിക്കൽ ജോലികളും ചെയ്യുന്നു. ഇടവഴികൾ അടിച്ചു വൃത്തിയാക്കുകയെന്ന് എന്നോടു കാലത്തിന്റെ ഖലീഫ പറഞ്ഞാൽ ഞാൻ സന്തോഷത്തോടെ ആ ജോലി ചെയ്യുന്നതായിരിക്കും. ഞാനെന്നെ തൂപ്പുകാരനെന്ന് പറയുകയും ചെയ്യും.

മുറബ്ബിമാരെ ഇവിടെ പ്രവൃത്തിപ്പിക്കേണ്ട ഒരു കാലം വരുന്നതായിരിക്കുമെന്ന് ഹദ്റത്ത് മുസ്ലിഹ് മൗഊദും(റ)ഒരിക്കൽ പറയുകയുണ്ടായി. നമ്മുടെ ഓഫീസുകളിൽ പണിയെടുക്കുന്നവരും മുറബ്ബിമാരായിരിക്കും. അല്ലാതെ ക്ലരിക്കൽ സ്റ്റാഫിനെ എടുക്കുകയെന്നതല്ല. അതുകൊണ്ട് തങ്ങളെക്കൊണ്ട് എന്തു ജോലിയാണ് എടുപ്പിക്കുന്നതെന്ന ചിന്ത എല്ലാ മുബല്ലിഗുമാരും മനസ്സിൽനിന്ന് നീക്കേണ്ടതാണ്. എവിടെയും ഏതുസേവനവും എടുപ്പിക്കുന്നതായിരിക്കും. ജാമിഅയിൽ പഠിച്ചിട്ടുണ്ടെങ്കിൽ നല്ല കാര്യമാണ്. ഒരു ദീനീപരമായ അറിവ് അയാൾക്കു കിട്ടി. ആ ദീനിപരമായ അറിവ് ഉപയോഗിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ഗാലിബ് ഖാൻ എം.ടി.എ സ്റ്റുഡിയോ അമേരിക്കയുടെ ഇൻചാർജാണ്. പറയുന്നു: എല്ലാ ജോലിയും സ്വയമേവ പൂർത്തിയാക്കാൻ ശ്രമിച്ചിരുന്നു. അതിന്റെ റെക്കോർഡ് സൂക്ഷിക്കുക, സ്റ്റാഫിന്റെ സമയങ്ങൾ, കെട്ടിടത്തിന്റെ ശുദ്ധി തുടങ്ങിയവയെല്ലാം സ്വയം ശ്രദ്ധിച്ചിരുന്നു. ഈ സംവിധാനം എങ്ങനെ ഏറ്റവും മെച്ചപ്പെട്ട നിലയിലെത്തിക്കാമെന്ന് ചിന്തിച്ചിരുന്നു. ഉന്നതനായ സംഘാടകനായിരുന്നു. ദൃഢനിശ്ചയവും തന്റേടവുമുള്ള ആളായിരുന്നു.

മിർസാ മുഹമ്മദ് അഫ്ളൽ സാഹിബ് എഴുതുന്നു: 55 വർഷമായി അദ്ദേഹത്തെ അറിയാം. ഒരുമിച്ചാണ് അമേരിക്കയിൽ വന്നത്. ഖിലാഫത്തിന്റെ അനുരാഗിയായിരുന്നു. 1974-ൽ തടവിലും കഴിഞ്ഞു. ആത്മാർഥതയും കൂറും നിറഞ്ഞിരുന്നു. സ്നേഹാവേശത്തോടെ സേവനം ചെയ്തിരുന്നു. ജോലിയുടെ രീതിയിൽ വളരെ ചിട്ടയുണ്ടായിരുന്നു. ഒരു സേവനവും നിഷേധിക്കുന്ന രീതി അദ്ദേഹത്തിന്റെ പ്രകൃതിയിലുണ്ടായിരുന്നില്ല. എപ്പോഴും അദ്ദേഹത്തെ ഖിലാഫത്തിന്റെ സുൽത്വാനന്നസ്വീറായിത്തന്നെ കണ്ടു. ളഫ്ർ സുരൂർ സാഹിബും പറയുന്നു: അമേരിക്കയിൽനിന്ന് ടെലിപോർട്ടിന്റെ ട്രാൻസ്മിഷൻ തുടങ്ങിയപ്പോൾ അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്നോടു, ടെക്നിക്കിൽ ജോലിയാണ് ഇതിന് എഞ്ചിനിയർ നല്കണമെന്ന് അപേക്ഷിച്ചു. അപ്പോൾ ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)പറഞ്ഞു: താങ്കൾതന്നെ എഞ്ചിനിയറാകാൻ ശ്രമിക്കുക.

അങ്ങനെ അദ്ദേഹം പിന്നീട് ഈ ജോലി സ്വയം പഠിച്ചു. അതിൽ പ്രാവീണ്യം നേടുകയും ചെയ്തു. വളരെ നല്ല നിലയിൽ അദ്ദേഹം ഇതെല്ലാം ചെയ്തു. 29 വർഷം വരെ, ഇത്രയും കാലം ഹൃദ്രോഗിയായിരുന്നിട്ടും ഇദ്ദേഹം എം.ടി.യിൽ സേവനം ചെയ്തു. ഇപ്പോൾ വടക്കൻ അമേരിക്കയിലും തെക്കൻ അമേരിക്കയിലും അദ്ദേഹം കാരണത്താൽത്തന്നെയാണ് എം.ടി.എ പരിപാടികൾ സുഖമായി കാണുന്നത്.

അമേരിക്കയിലെ ലോസ് ഏഞ്ചൽസിൽനിന്ന് ഡോക്ടർ ഹമീദുർറഹ്മാൻ സാഹിബ് എഴുതുന്നു:1993-ലാണ് ലോസ് ഏഞ്ചൽസിൽ അദ്ദേഹത്തിന്റെ നിയമനം നടക്കുന്നത്. ഞങ്ങളോടൊപ്പം ചേർന്ന് ചിനോയിൽ സ്ഥലം വാങ്ങി. പിന്നീട് വേഗം തന്നെ മസ്ജിദുനിർമാണശ്രമം തുടങ്ങി. പരേതൻ വളരെ നിർഭയനും ധൈര്യവാനും അല്ലാഹുവിൽ തവക്കുൽ ചെയ്യുന്ന ആളുമായിരുന്നു. ചീനോയിലെ മേയറിന്റെ അടുക്കൽ അദ്ദേഹത്തിന്റെ ഓഫീസിൽ ജമാഅത്തിനെ പരിചയപ്പെടുത്താൻ പോയി. പരിചയപ്പെടുത്തിയതിനുശേഷം ചീനോയിൽ മസ്ജിദ് നിർമിക്കുന്നതിനെ കുറിച്ച് പറഞ്ഞു. മേയർ ഉടനെ പറഞ്ഞു:മസ്ജിദ് ഒരിക്കലും നിർമിക്കുകയില്ല. വളരെ ദ്വേഷത്തോടെയാണ് ഇതു പറഞ്ഞത്. ഓവർ മൈ ഡഡ് ബോഡി. ഇതുകേട്ടപാടെ ചൗദരീ സാഹിബ് അസാധരണമായ വികാരത്തോടെ എഴുന്നേറ്റു. എന്നിട്ട് പറഞ്ഞു: മേയർ സാഹിബേ! ഈ മസ്ജിദ് അല്ലാഹുവിനെ ആരാധിക്കുന്ന സ്ഥലമാണ്. അത് നിർമിക്കപ്പെടും. തീർച്ചയായും നിർമിക്കപ്പെടും. അങ്ങനെ *അൽഹംദുലില്ലാഹ്* അവിടെ മസ്ജിദ് നിർമിക്കപ്പെട്ടു. പിന്നീട് ആ മേയർ മസ്ജിദിൽവന്ന് മാപ്പു ചോദിച്ചു. അദ്ദേഹം പല പ്രാവശ്യവും മസ്ജിദിൽ വന്നുകൊണ്ടിരുന്നു. വലിയ ധൈര്യവാനായിരുന്നു.

ഹമ്മാദ് സാഹിബ് മുറബ്ബിയാണ്. മുനീർ സാഹിബ് അദ്ദേഹത്തിന്റെ ബന്ധുവായിരുന്നു. പറയുന്നു, ഞാൻ ഫീൽഡിൽ വന്നതേയുള്ളു. എനിക്ക് ആരംഭംമുതലെ പ്രയാസങ്ങളുണ്ടായി. വളരെ സ്നേഹത്തോടെ എന്റെ കാര്യങ്ങൾ കേട്ടു. എനിക്ക് മനസ്സിലാക്കിത്തന്നു. വളരെ യുക്തിസഹമായ ഉപദേശങ്ങൾ നല്കി. ഇങ്ങനെ എന്റെ പ്രശ്നങ്ങളും പ്രയാസങ്ങളുമെല്ലാം അകന്നു. അതെല്ലാം പരിഹരിക്കപ്പെട്ടു. ഒരുപാടു കാര്യങ്ങളിൽ ഞാനദ്ദേഹത്തിന്റെ ഉപദേശം സ്വീകരിച്ചിട്ടുണ്ട്.

എം.ടി.എ ഡയറക്ടർ മുനീർ ശംസ് സാഹിബ് പറയുന്നു: ടെലിപ്പോർട്ടിന്റെ സെറ്റപ്പ് അദ്ദേഹം വളരെ നല്ല രീതിയിൽ ചെയ്തു. ചൗദരീ മുനീർ സാഹിബിന്റെ സവിശേഷ ഗുണങ്ങളിലോന്ന് ഓരോ ജോലിയും ചെയ്യുമ്പോഴും കൂടിയാലോചിക്കുകയും ജമാഅത്തിന്റെ പൈസ മിച്ചം വരുത്താൻ ശ്രമിക്കുകയും ചെയ്യുമായിരുന്നു. ആവശ്യമുള്ള സാധനങ്ങൾ മാത്രമെ വാങ്ങുമായിരുന്നുള്ളു. അദ്ദേഹത്തിന്റെ ഓരോ വാക്കിലും പ്രവൃത്തിയിലും ഖിലാഫത്തിനോടു അങ്ങേയറ്റത്തെ ആത്മാർഥതയും കൂറുമായിരുന്നു. അതായത് കാലത്തിന്റെ ഖലീഫയുടെ ഓരോ വാക്കും അനുസരിക്കുക എന്നത് വ്യക്തമായിരുന്നു. എം.ടി.എ ടെലിപോർട്ടിന്റെ ഡയറക്ടറായിരുന്നു. പക്ഷേ, താൻ അതു ചെയ്തുവെന്നോ അതങ്ങനെയായെന്നോ താൻ കാരണം അത് നന്നായെന്നോ വിജയിച്ചുവെന്നോ ഉള്ള ഒരു പ്രദർശനപരതയുമില്ലായിരുന്നു. വളരെ വിനയത്തോടെ ജോലി ചെയ്യുന്ന ആളായിരുന്നു. എന്നല്ല മറ്റുള്ളവർക്ക് ക്രിഡിറ്റ് കൊടുക്കുമായിരുന്നു.

വളരെ കൂറോടുകൂടി അദ്ദേഹം തന്റെ വഖ്ഫു നിറവേറ്റുന്നത് ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹം എം.ടി.എയെ അമേരിക്കൻ വൻകരയിലെത്തിക്കുന്നതിന് അനുപമമായ നിലയിൽ പരിശ്രമിച്ചു. അത് വിശ്വസ്തതയോടെ മനസ്സിലാക്കുകയും അതിനെക്കുറിച്ച് നല്ല അഭിപ്രായങ്ങൾ നല്കുകയും ചെയ്തു. എനിക്കും എഴുതിക്കൊണ്ടിരുന്നിരുന്നു. മുന്നോട്ടുവന്ന് തന്റെ പ്രാധാന്യം പറയുന്നതിന് ഒരു താൽപര്യവുമുണ്ടായിരുന്നില്ല. ഏതൊരു ജോലിയാണോ തന്നെ കാലത്തിന്റെ ഖലീഫ ചുമതലപ്പെടുത്തുന്നത് അത് നല്ല രീതിയിൽ പൂർത്തിയാക്കുന്നതിനുള്ള ഒരു ആവേശമായിരുന്നു.

അല്ലാഹു അദ്ദേഹത്തോട് കരുണയോടെയും പൊറുമയോടെയും വർത്തിക്കുമാറാകട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ അനുസ്മരണം കേരളത്തിലെ അലനല്ലൂർ നിവാസി അബ്ദുർറഹ്മാൻകുട്ടി സാഹിബിന്റേതാണ്. കഴിഞ്ഞ ദിവസം അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. 16-ാമത്തെ വയസ്സിൽ തന്റെ മാതുലൻ മൗലവി മുഹമ്മദു അലവി സാഹിബ് മുഖേന ബയ്അത്ത് ചെയ്യാനുള്ള തൗഫീഖ് കിട്ടി. നമസ്കാരവും നോമ്പും കൃത്യമായി അനുഷ്ഠിക്കുന്നവരും ജമാഅത്തിനോടു ആത്മാർഥ ബന്ധം പുലർത്തുന്ന ആളുമായിരുന്നു. ലളിതമായ പ്രകൃതമായിരുന്നു. വിനയനും നല്ല മനുഷ്യനുമായിരുന്നു. എല്ലാ ജോലിയിലും എന്തെങ്കിലുംമൊക്കെ ദീനീപരമായ വശം നിർബന്ധമായും ഉൾക്കൊള്ളിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ മകനെഴുതുന്നു: അദ്ദേഹം ഞങ്ങളുടെ ശിക്ഷണത്തിൽ ദീനീപരമായവശത്തിന് മുൻതൂക്കം കൊടുത്തിരുന്നു. സ്കൂളിൽ പോകുന്നതിനുമുമ്പേ അതിരാവിലെ ഒന്നുരണ്ടു മണിക്കൂർ മദ്റസയിൽ അയച്ചിരുന്നു. രാത്രി ഉറങ്ങുന്നതിനുമുമ്പേ വിശുദ്ധ ഖുർആൻ പതിവായി ഓതിക്കുമായിരുന്നു.

ഇദ്ദേഹത്തിന്റെ ഭാര്യ മൂന്നു വർഷം മുമ്പേ വഫാത്തായി. സന്തപ്ത കുടുംബത്തിൽ രണ്ടു പെൺമക്കളും നാലു ആൺമക്കളുമുണ്ട്. ഒരു മകൻ ശംസുദ്ദീൻ മലബാരി കബാബീറിലെ ഇൻചാർജ് മുബല്ലിഗ് എന്ന നിലയിൽ സേവനം ചെയ്തുകൊ

ശേഷം പേജ് 11 ൽ

# നബി[സ] തിരുമേനിയുടെ ജീവചരിത്രം -2
## (മാനവികതയോടുള്ള ആദരവ്)

(മുഹമ്മദ് ഇനാം ഗോറി, നാളിർ അഅ്‌ലാ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ)

**ബദ്ർ വാല്യം 9 ലക്കം 26**
**പേജ് 12 കോളം 3 തുടർച്ച)**

മുഹമ്മദ് മുസ്തഫാ[സ]യുടെ ഈ നിർദേശങ്ങളും കർമപരമായ മാതൃകകളും അവിടത്തെ ആദരണീയരായ സ്വഹാബത്ത് പൂർണമായും പിൻപറ്റുകയും അനുസരിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് അബൂദർ[റ]നെ കുറിച്ച് വന്നിരിക്കുന്നു: 'അദ്ദേഹം ഒരു വസ്ത്രം അണിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ അടിമയും അതേവസ്ത്രം അണിഞ്ഞിരുന്നു.' ഇപ്രകാരംതന്നെ സ്വഹാബത്ത് തങ്ങളുടെ അടിമകളോടൊപ്പം എവിടെയെങ്കിലും യാത്ര പോകുകയാണെങ്കിൽ യാത്രാവാഹനം ഒന്നുമാത്രമുള്ളപ്പോൾ ഊഴമനുസരിച്ചാണ് യാത്ര ചെയ്തിരുന്നത്. അടിമകളെ വാഹനത്തിൽ യാത്ര ചെയ്യിക്കുകയും സ്വയം നടക്കുകയും ചെയ്യുമായിരുന്നു.

ഇപ്രകാരം സമൂഹത്തിൽ സ്ത്രീകളും അബലരായും പീഢിതരായും ഗണിക്കപ്പെടുന്നു. നബി(സ)തിരുമേനിയുടെ നിയോഗ കാലഘട്ടത്തിൽ സ്ത്രീകളെ മനുഷ്യരായിത്തന്നെ മനസ്സിലാക്കിയിരുന്നില്ല. പെൺകുട്ടി പിറന്നാൽ എത്രത്തോളം അശുഭമായി കരുതിയിരുന്നുവെന്നാൽ ചില കഠിന ഹൃദയർ ജീവനോടെതന്നെ കുഴിച്ചുമൂടിയിരുന്നു; പെൺകുട്ടി പിറന്നാൽ അപമാനംകൊണ്ട് അവർ ജനതയിൽനിന്ന് ഒളിച്ചുനടക്കുമായിരുന്നു.

ഇപ്പറഞ്ഞത് ഇന്നേക്ക് 1400 വർഷം മുമ്പേയുള്ള ജാഹിലിയ്യ കാലഘട്ടത്തിലെ കാര്യങ്ങളായിരുന്നു. അതിനെ സംബന്ധിച്ച് വിശുദ്ധഖുർആനിൽനിന്നും തിരുഹദീഥുകളിൽനിന്നും നമുക്കറിയാൻ കഴിയുന്നു. പക്ഷേ, ഇന്നത്തെ സംസ്കാരസമ്പന്നമായ ലോകത്തും നോക്കുക, മാനുഷികമായ സമത്വത്തിനും സ്ത്രീപുരുഷന്മാരുടെയിടയിൽ എല്ലാതരം വിവേചനത്തേയും വ്യത്യാസത്തേയും അവസാനിപ്പിക്കുമെന്ന് വാദിക്കുന്നവർക്കുപോലും വയറ്റിൽ കിടക്കുന്ന കുഞ്ഞ് ആൺകുട്ടിയാണോ പെൺകുട്ടിയാണോ എന്ന് അറിയുന്നത് കുറ്റകരമാണെന്നുള്ള നിയമം ഉണ്ടാക്കേണ്ടി വന്നിരിക്കുന്നു. ആശുപത്രികൾക്ക് വെളിയിൽ ഇത്തരത്തിലുള്ള ബോർഡുകൾ പ്രദർശിപ്പിക്കുന്നതിന്റെ അർഥമെന്താണ്? അതിന്റെ അർഥം ഇന്നും ചില വീട്ടുകാർ പെൺകുട്ടികളുടെ ജനനം അശുഭമായി കരുതുന്നുവെന്നാണ്. ഗർഭത്തിൽ വളരുന്നത് പെൺകുട്ടിയാണെന്ന് അറിഞ്ഞാൽ ഭ്രൂണഹത്യ നടത്താൻ ശ്രമിക്കുന്നു.

എന്നാൽ, ആ മാനവികതയുടെ ഉപകാരി ഹദ്റത്ത് മുഹമ്മദ് മുസ്തഫാ[സ] പെൺകുട്ടികളുടെ ഉദാത്തമായ വിദ്യാഭ്യാസത്തിലേക്കും ശിക്ഷണത്തിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊണ്ടുപറഞ്ഞു: 'രണ്ട് പെൺകുട്ടിക്ക് നല്ലനിലയിൽ ശിക്ഷണം നല്കിയവനും ഞാനും പുനരുഥാന നാൾ ഇങ്ങനെ ഒന്നിച്ചായിരിക്കും; ഇതുപറഞ്ഞുകൊണ്ട് അവിടന്ന് തന്റെ രണ്ടുവിരൽ ചേർത്തുകാണിച്ചു.' *(മുസ്‌ലിം)*

ഭാര്യമാരോടുള്ള സൽപെരുമാറ്റത്തെ സംബന്ധിച്ച് ഉപദേശിച്ചുകൊണ്ടു പറഞ്ഞു: 'തന്റെ ഭാര്യയോടു ഏറ്റവും നല്ലരീതിയിൽ പെരുമാറുന്നവനാണ് ഉത്തമനായ മനുഷ്യൻ. പിന്നീട് തന്റെ മാതൃക കാണിച്ചുകൊണ്ടു പറഞ്ഞു: 'അനാ ഖയ്റുക്കും ലിഅഹ്‌ലീ നോക്കൂ! ഞാൻ എന്റെ ഭാര്യയോടു പെരുമാറുന്നതിൽ നിങ്ങളെക്കാൾ ഉത്തമനാണ്.' (തിർമുദി)

പിന്നീട് മാതാവിനോടുള്ള ആദരവും ബഹുമാനവും എത്രത്തോളം സ്ഥാപിച്ചുവെന്നാൽ അവിടന്ന് പറഞ്ഞു: 'സ്വർഗം നിങ്ങളുടെ മാതാക്കളുടെ കാൽക്കീഴിലാണ്.' *(നസാഇ)*

എല്ലാ നിലയിലും സ്ത്രീയെ അനന്തരാവകാശത്തിൽ ഭാഗഭാക്കാക്കി. അവളുടെ സമ്മതം കൂടാതെ അവളുടെ ധനം നിയന്ത്രിക്കാൻ ഭർത്താവിന് അനുവാദം നല്കിയില്ല.

സമൂഹത്തിലെ സാധാരണ ദരിദ്രരേയും അശരണരേയും ആളുകൾ എങ്ങനെ അവശരും ഗതികെട്ടവരുമായി മനസ്സാലിക്കുന്നുവെന്നാൽ അവരുടെ മുഖം കാണാൻപോലും ഇഷ്ടപ്പെടുന്നില്ല. തന്റെ അടുത്തിരിക്കുന്നതും അല്ലെങ്കിൽ കൂടെയിരിക്കുന്നതും സഹിക്കുന്നില്ല. അവരുടെ കൂടെ നടക്കുന്നതും നിന്ദ്യതയായി മനസ്സിലാക്കുന്നു. എന്നാൽ, നമ്മുടെ മാനവികതയുടെ സഹായിയുടെ തേജോവിലാസം തന്നെ വ്യത്യസ്തമാണ്. അവിടന്ന് അധികവും ഇങ്ങനെ ദുആ ചെയ്യുമായിരുന്നു: 'അല്ലാഹുവേ! എന്നെ മിസ്ക്കീനാക്കി ജീവിപ്പിക്കേണമേ. മിസ്ക്കീൻമാരുടെ സംഘത്തിൽ അതേ അവസ്ഥയിൽ എന്നെ ഉയർത്തേണമേ.' (തിർമുദി)

ഹദ്റത്ത് അനസ്[റ]വിവരിക്കുന്നു: 'സാഹിർ എന്നുപേരുള്ള ഒരു ഗ്രാമീണൻ, രൂപത്തിലും ആകൃതിയിലും സാധാരണക്കാരൻ ഒരിക്കൽ ചന്തയിൽ തന്റെ സാധനങ്ങൾ വില്ക്കുകയായിരുന്നു; ശരീരം വിയർപ്പുകൊണ്ട് നിറഞ്ഞിരുന്നു. അവിടന്ന് പിന്നിലൂടെച്ചെന്ന് തന്റെ കൈ കഴുത്തിലിട്ടു. അത് നബി(സ)തിരുമേനിയാണെന്ന് അയാൾക്ക് മനസ്സിലായപ്പോൾ തന്റെ പുറംഭാഗംകൊണ്ട് നബി(സ)തിരുമേനിയുടെ പരിശുദ്ധശരീരത്തിൽ ഉരസാൻ തുടങ്ങി. 'എനിക്കൊരു അടിമയുണ്ട്. ആരെങ്കിലുമുണ്ടോ വാങ്ങാൻ' എന്ന് നബി(സ)തിരുമേനി ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങനെയാണെങ്കിൽ താങ്കളെന്നെ ഏറ്റവും മോശപ്പെട്ട കച്ചവടച്ചരക്കായി കാണുന്നതാണ്; എന്നെ ആര് വാങ്ങാനാണ്?' നബി(സ)തിരുമേനി പറഞ്ഞു: 'അങ്ങനെയല്ല. അല്ലാഹുവിന്റെ പക്കൽ താങ്കൾ വിലയില്ലാത്ത ചരക്കല്ല. താങ്കൾക്ക് വലിയ വിലയും നിലയുമാണുള്ളത്.' *(മുസ്നദ് അഹ്മദ് വാല്യം 3)*

നബി(സ)തിരുമേനി ദരിദ്രരേയും അശരണരേയും ഭക്ഷണസൽക്കാരങ്ങളിലും മറ്റും വിളിക്കണമെന്ന് വളരെ താക്കീത് ചെയ്തിരുന്നു. അവിടന്ന് പറഞ്ഞു: 'സമ്പന്നരെ മാത്രം വിളിക്കുകയും ദരിദ്രരെ ഒഴിവാക്കുകയും ചെയ്യുന്ന സൽക്കാരം വളരെ മോശമാണ്.' (ബുഖാരി, കിതാബുന്നിക്കാഹ്)

നബി[സ]തിരുമേനിയുടെ കഴിവുകൾ ദൈവഹിതമനുസരിച്ച് എത്രമാത്രം വ്യക്തമായി സാധാരണക്കാരുടെ ഇടയിൽ വരികയും കർമപഥത്തിൽ ഇറങ്ങുകയും ചെയ്തുവെന്നാൽ മാനവികതയുടെ ഉദ്ദേശ്യം പൂർത്തിയായി. ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു:

"നമ്മുടെ നബി[സ]തിരുമേനിയിലുണ്ടായ റൂഹുൽ ഖുദുസിന്റെ ദിവ്യജ്യോതിസ് മറ്റെല്ലാ ജ്യോതിസിനെക്കാളുമുപരിയാണ്. റൂഹുൽഖുദുസ്(പരിശുദ്ധാത്മാവ്)ചിലപ്പോൾ ഒരു നബിയിൽ പ്രാവിന്റെ രൂപത്തിൽ വെളിപ്പെട്ടു. ചിലപ്പോൾ നബിയുടേയോ അവതാരത്തിന്റേയോമേൽ പശുവിന്റെ രൂപത്തിൽ വെളിപ്പെട്ടു. ചിലരിൽ മറ്റു രൂപത്തിൽ വെളിപ്പെട്ടു. അന്നൊന്നും മനുഷ്യന്റെ രൂപത്തിൽ വെളിപ്പെട്ടിരുന്നില്ല; പരിപൂർണനായ മനുഷ്യൻ അതായത് നമ്മുടെ നബി[സ]തിരുമേനി നിയോഗിതനാകുന്നതുവരെ. നബി[സ]തിരുമേനി നിയമിതനായപ്പോൾ പരിപൂർണമനുഷ്യനായതുകൊണ്ട് റൂഹുൽഖുദുസും മനുഷ്യരൂപത്തിൽത്തന്നെ വെളിപ്പെട്ടു.' *(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ, വാല്യം 19, പേജ് 83 - 85)*

മാനവികത, ഹ്യൂമാനിറ്റി വെറും പാഴായ വസ്തുക്കൾ കൊണ്ടുണ്ടാക്കിയ പ്രതിമയുടെ പേരല്ല; ഉയർന്ന സ്ഥലത്തുവച്ച് അതിനെ ആദരിക്കാൻ. അതിനെ പൂജിക്കാൻ. മറിച്ച് മാനവികത എന്നാൽ, അവന്റെ മനസും ബുദ്ധിയും കൊണ്ടുള്ള ചിന്തകളുടേയും അവന്റെ വികാരങ്ങളുടേയും ബോധങ്ങളുടേയും അവന്റെ ആത്മാവിന്റേയും അവന്റെ ധാർമികതയുടേയും ആത്മീയാവസ്ഥകളുടേയും പേരാണ്. ഈ മൂല്യങ്ങളെ സംരക്ഷിക്കുകയാണെങ്കിൽ അതിനെ പരിപാലിക്കുകയും അതിന്റെ അഭിവൃദ്ധിക്കായി ശ്രമിക്കുകയുമാണെങ്കിൽ, അവൻ മാനവികതയുടെ ആദരവ് സ്ഥാപിച്ചുവെന്ന് പറയാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മൾ നമ്മുടെ യജമാനരായ മുഹമ്മദ് മുസ്തഫാ[സ]യുടെ പരിശുദ്ധജീവിതത്തിൽ ദൃഷ്ടി പായിക്കുമ്പോൾ അത്ഭുതകരങ്ങളായ ദൃശ്യങ്ങളുടെ മാതൃക കാണാൻ കഴിയുന്നു. അതിന്റെ ഉദാഹരണം മറ്റെങ്ങും കിട്ടുകയില്ല. ഒരു മനുഷ്യൻ തന്റെ സുഹൃത്തുക്കൾ, ബന്ധുക്കൾ, സ്വന്തം വിശ്വാസക്കാർ, സ്വന്തം മതക്കാർ എന്നിവരോടു സഹിഷ്ണുതയോടെ പെരുമാറുന്നു. പക്ഷേ, നോക്കേണ്ടത് അവൻ അന്യരോടും അവന്റെ എതിരാളിയോടും എങ്ങനെ പെരുമാറുന്നുവെന്നാണ്!

ഒരിക്കൽ മദീനയിൽ ഒരു യഹൂദിയുടെ ജനാസ കൊണ്ടുവരികയായിരുന്നു. നബി[സ]തിരുമേനി ജനാസയെ ആദരിച്ച് എഴുന്നേറ്റുനിന്നു. ഇത് യഹൂദിയുടെ ജനാസയാണെന്ന് ആരോ പറഞ്ഞു. അവിടന്ന് പറഞ്ഞു, 'ഇയാളിൽ ആത്മാവുണ്ടായിരുന്നില്ലേ? ഇയാൾ മനുഷ്യൻ ആയിരുന്നില്ലേ?' *(ബുഖാരി, കിതാബുൽ ജനാഇസ്)*

ഹദ്റത്ത് യഅ്‌ലാ ബിൻ മുർറ[റ] വിവരിക്കുന്നു: 'ഞാൻ നബി[സ]തിരുമേനിയോടൊപ്പം ധാരാളം യാത്ര ചെയ്തിട്ടുണ്ട്. ഏതെങ്കിലും മനുഷ്യന്റെ മൃതദേഹം കിടക്കുന്നത് കണ്ടിട്ട് അത് മറവടപ്പിക്കാതെ അവിടന്ന് പോയതായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അവിടന്ന് ഒരിക്കലും ഇത് മുസ്‌ലിമിന്റേതാണോ അവിശ്വാസിയുടേതാണോ എന്ന് ചോദിച്ചിട്ടില്ല.'

ബദ്ർ യുദ്ധത്തിൽ നാശമടഞ്ഞ അന്യാരാധകരുടെ 24 നേതാക്കളേയും അവിടന്ന് സ്വയം ബദ്ർ മൈതാനിയിൽ ഒരു കുഴിയെടുത്ത് മറവാടിച്ചിരുന്നു. ഇതിനെ 'ഖലീബെ ബദ്ർ' എന്നു പറയുന്നു. *(ബുഖാരി, കിതാബുൽമഗാസി)*

അഹ്സാബ് യുദ്ധത്തിൽ അന്യാരാധകരുടെ ഒരു നേതാവ് നൗഫൽ ബിൻ അബ്ദുല്ലാഹ് മഖ്സൂമി പോരാട്ടത്തിൽ നാശമടഞ്ഞു. മക്കയിലെ അന്യാരാധകർ ഉഹുദു യുദ്ധത്തിൽ റസൂലുല്ലായുടെ പിതൃവ്യനായ ഹദ്റത്ത് ഹംസയുടെ മൂക്കും ചെവിയും അറുത്ത് അദ്ദേഹത്തിന്റെ മയ്യിത്ത് വിരൂപമാക്കിയിരുന്നു. ഇതായിരുന്നു അവരുടെ രീതി. തങ്ങളുടെ നേതാക്കളോടും അങ്ങനെതന്നെ ചെയ്യുമോ എന്ന് അവർ ഭയപ്പെട്ടു. നബി[സ]തിരുമേനിക്ക് പതിനായിരം ദിർഹം വാങ്ങി നൗഫലിന്റെ മൃതശരീരം മടക്കിത്തരാൻ അവർ സന്ദേശമയച്ചു.

നബി[സ]തിരുമേനി പറഞ്ഞു: 'ഞങ്ങൾ മൃതദേഹങ്ങൾക്ക് വില വാങ്ങാറില്ല. നിങ്ങൾ നിങ്ങളുടെ

ശേഷം പേജ് 12 ൽ

# സമ്പൂർണ മനുഷ്യർ

## ദുഃഖവും വ്യസനവും മാനസികപ്രയാസവും അതിജയിച്ചു നില്ക്കുന്ന നേരത്ത് ആത്മീയമായ ആനന്ദങ്ങൾ അനുഭവിക്കുന്നുണ്ട്.

(ബദ്ർ വാല്യം 9 ലക്കം 26 പേജ് 8 കോളം 3-ൽ നിന്ന് തുടർച്ച)

വാഗ്ദത്തമഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തൗളീഹെ മറാം എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'ഇപ്രകാരംതന്നെ ശംസ് എന്ന അധ്യായത്തിലും അല്ലാഹു അതിസൂക്ഷ്മമായ സൂചനകളോടും ആലങ്കാരിക പ്രയോഗങ്ങളോടുംകൂടി സമ്പൂർണ മനുഷ്യന്റെ പദവിയെ ആകാശഭൂമിയിലുള്ള എല്ലാ നിവാസികളെക്കാളും ഉന്നതവും ഉത്തമവുമായി വിവരിച്ചിട്ടുണ്ട്. പറയുന്നു:

وَالشَّمْسِ وَضُحٰهَا ۝٢ وَالْقَمَرِ اِذَا تَلٰهَا ۝٣ وَالنَّهَارِ اِذَا جَلّٰهَا ۝٤ وَالَّيْلِ اِذَا يَغْشٰهَا ۝٥ وَالسَّمَآءِ وَمَا بَنٰهَا ۝٦ وَالْاَرْضِ وَمَا طَحٰهَا ۝٧ وَنَفْسٍ وَّمَا سَوّٰهَا ۝٨ فَاَلْهَمَهَا فُجُوْرَهَا وَتَقْوٰهَا ۝٩ قَدْ اَفْلَحَ مَنْ زَكّٰهَا ۝١٠ وَقَدْ خَابَ مَنْ دَسّٰهَا ۝١١ كَذَّبَتْ ثَمُوْدُ بِطَغْوٰهَآ ۝١٢ اِذِ انْۢبَعَثَ اَشْقٰهَا ۝١٣ فَقَالَ لَهُمْ رَسُوْلُ اللّٰهِ نَاقَةَ اللّٰهِ وَسُقْيٰهَا ۝١٤ فَكَذَّبُوْهُ فَعَقَرُوْهَا ۙ۬ فَدَمْدَمَ عَلَيْهِمْ رَبُّهُمْ بِذَنْۢبِهِمْ فَسَوّٰهَا ۝١٥ وَلَا يَخَافُ عُقْبٰهَا ۝١٦

സൂര്യനെക്കൊണ്ടും അതിന്റെവെയിലിനെക്കൊണ്ടും സത്യം. ചന്ദ്രനെക്കൊണ്ടും സത്യം; അത് സൂര്യനെപിന്തുടരുമ്പോൾ. പകലിനെക്കൊണ്ടും സത്യം; അത് അതിന്റെ പ്രകാശത്തെ വെളിപ്പെടുത്തുമ്പോൾ. രാവിനെക്കൊണ്ടും സത്യം; അത് അന്ധകാരമയ മാകുമ്പോൾ. ആകാശത്തെക്കൊണ്ടും അതിന്റെ നിർമാണത്തെക്കൊണ്ടും സത്യം. ഭൂമിയെക്കൊണ്ടും അതിനെ പരത്തിയിരിക്കുന്ന വിധത്തെക്കൊണ്ടും സത്യം. മനുഷ്യാത്മാവിനെക്കൊണ്ടും സത്യം; ആരാണോ അതിനെ സമ്പൂർണമായ സമതുലിതാവസ്ഥയുടേയും സ്ഥൈര്യസ്ഥിതിയുടേയും സമ്പൂർണമായ സമുച്ചയത്തിന്റെ വിവിധ ദയവ് കാണിക്കുകയും നിറവുകളൊന്നും ഒഴിവാക്കാതെ ആദ്യം പറഞ്ഞ സത്യത്തിനു വിധേയമായിട്ടുള്ള എല്ലാ കഴിവുകളും അതിൽ സമന്വയിപ്പിക്കുകയും ചെയ്തത്. അങ്ങനെ സമ്പൂർണ മനുഷ്യാത്മാവ് സൂര്യന്റേയും അതിന്റെ വെയിലിന്റേയും പരിപൂർണത ഉൾക്കൊള്ളുന്നു. ചന്ദ്രന്റെ പ്രത്യേകതകളും അവനിൽ കാണാം. അതായത് മറ്റുള്ളവരിൽനിന്ന് അതിനു അനുഗ്രഹം സമ്പാദിക്കാം. ഒരു പ്രകാശത്തിൽനിന്ന് ഫലമെടുക്കുക എന്ന നിലയിൽ തന്റെ ഉള്ളിലും പ്രകാശം ആവാഹിച്ചെടുക്കാൻകഴിയുന്നതാണ്. അതിൽ നിത്യപ്രകാശത്തിന്റെ പ്രത്യേകതകളുണ്ട്. അധ്വാനികളും തൊഴിലാളികളുമായിട്ടുള്ളവർ പകൽവെളിച്ചത്തിൽ തങ്ങളുടെ ജോലികൾ മുഴുവനും ചെയ്യുന്നതുപോലെ സത്യാന്വേഷിയും ദൈവമാർഗത്തിലുള്ള പ്രയാ ണത്തിന്റെ വഴികളെ സ്വായത്തമാക്കുന്ന സമ്പൂർണ മനുഷ്യന്റെ മാതൃകയിലൂടെ നടന്ന് സുഗമമായും പവിത്രമായും തന്റെ ദീനീപരമായ കാര്യങ്ങളെ പൂർണതയിലെത്തിക്കുന്നു. അതുകൊണ്ട് അവന് പകലെന്നപോലെ തന്റെ നിഷ്കളങ്കത പൂർണമായും വെളിവാക്കാൻ കഴിയുന്നു. പകലിന്റെ എല്ലാ പ്രത്യേകതകളും ഉൾക്കൊള്ളുകയും* ചെയ്യുന്നു.* (സൂര്യൻ സമ്പൂർണമായ യുക്തിയോടുകൂടി 730 നിയമനത്തിൽ സ്വയം രൂപം പൂണ്ട് ലോകത്ത് വിവിധ തരത്തിലുള്ളസ്വാധീനങ്ങൾ ചെലുത്തുന്നു. എല്ലാ ഓരോ രൂപവും കാരണത്താൽ ഒരു പ്രത്യേക പേര് അതിന് കരസ്ഥമായിരിക്കുന്നു. ഞായർ, തിങ്കൾ, ചൊവ്വ തുടങ്ങിയവ യഥാർഥത്തിൽ പരിഗണനയോടുകൂടിയുള്ള പ്രത്യേകം പ്രത്യേകം നിയമനങ്ങളുടേയും അത്യാവശ്യ സാധനസാമഗ്രികളുടേയും സ്വാധീനങ്ങളുടേയും സൂര്യന്റെ തന്നെ പേരുകളാണ് ഈ അത്യാവശ്യസാധന സാമഗ്രികൾ പറയുന്ന നേരത്ത് മനസ്സിൽ ശ്രദ്ധയോടെ വെക്കാതേയും കേവലം തനിച്ചും സ്വതന്ത്രവുമായുള്ള അവസ്ഥയിൽ ഈ നാമങ്ങൾ എടുക്കുകയുമാണെങ്കിൽ ആ നേരത്താണ് സൂര്യൻ എന്നു പറയുന്നത്. പക്ഷേ, അതേ സൂര്യന്റെ പ്രത്യേകം പ്രത്യേകം അത്യാവശ്യസാധന സാമഗ്രികളും സ്വാധീനങ്ങളും സ്ഥാനങ്ങളും മനസ്സിൽവച്ചുകൊണ്ട് പറയുമ്പോൾ അതിനെ ചിലപ്പോൾ പകൽ എന്നു പറയും, ചിലപ്പോൾ രാത്രി എന്നു പറയും. ചിലപ്പോൾ അതിന്റെ പേര് ഞായർ എന്നു വെക്കും. ചിലപ്പോൾ തിങ്കളാഴ്ച എന്നു വെക്കും. ചിലപ്പോൾ ചിങ്ങമെന്നും ചിലപ്പോൾ കന്നിയെന്നും ചിലപ്പോൾ തുലാമെന്നും ചിലപ്പോൾ കാർത്തികയെന്നും പറയുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ ഇതെല്ലാം സൂര്യന്റെ തന്നെ പേരുകളാണ്. മനുഷ്യാത്മാവും വിവിധ നിയമനങ്ങളേയും വിവിധനേരങ്ങളേയും വിവിധ സ്ഥാനങ്ങളേയും വിവിധ അവസ്ഥകളേയും വിവിധ പേരുകളേയും പരിഗണിച്ച് വിവിധ പേരുകളിൽ വിളിക്കപ്പെടുന്നു. ചിലപ്പോൾ പരിശുദ്ധാത്മാവ് എന്നു പറയും, ചിലപ്പോൾ ദോഷപ്രവണമായ ആത്മാവെന്നു പറയും ചിലപ്പോൾ സ്വയം ശാസകാത്മാവ് എന്നു പറയും. ചിലപ്പോൾ ശാന്തിപ്രാപിച്ച ആത്മാവ് എന്നു പറയും. ചുരുക്കിപ്പറഞ്ഞാൽ സൂര്യനുള്ളത്ര നാമങ്ങൾ ഇതിനുമുണ്ട്. പക്ഷേ, ദീർഘഭയം നിമിത്തം ഇത്രമാത്രം വിവരിക്കുന്നത് മതിയായി മനസ്സിലാക്കുന്നു).

അന്ധകാരനിബിഢമായ രാത്രിയോടും സമ്പൂർണ മനുഷ്യന് ഒരു സാദൃശ്യമുണ്ട്. ഭൗതികതയോടുള്ള വിച്ഛേദത്തിന്റേയും പൂർണമായ ആത്മാർപണത്തിന്റേയും പരമമായപദവി അവന് അല്ലാഹുവിൽനിന്ന് സിദ്ധിച്ചിട്ടും ദൈവികമായ ഉദ്ദേശ്യത്തോടും യുക്തിദീക്ഷയോടുംകൂടി തന്റെ ആത്മാവിന്റെ അന്ധകാരപരമായ ആഗ്രഹങ്ങളിലേക്കും ഇടക്കിടെ അവൻ ശ്രദ്ധിച്ചുപോകുന്നു. അതായത് മനുഷ്യനിൽ നിക്ഷേപിച്ചു വെച്ചിട്ടുള്ള ആത്മാവിന്റെ അവകാശങ്ങൾ-അതാണെങ്കിൽ ബാഹ്യമായിനോക്കുമ്പോൾ ആത്മീയ തേജസ്സിന് ഘടകവിരുദ്ധവും ഉപദ്രവകരവുമായിട്ട് തോന്നാം- നിറവേറ്റുന്നു. ഏതുപോലെയെന്നാൽ, ഭക്ഷണം കഴിക്കുക, പാനം ചെയ്യുക, ഉറങ്ങുക, ഭാര്യയോടുള്ള കടമ നിറവേറ്റുക, അല്ലെങ്കിൽ കുട്ടികളെ സ്നേഹിക്കുക തുടങ്ങി എല്ലാ കടമകളും നിറവേറ്റുന്നു. അല്പനേരത്തേക്ക് ഈ ഇരുട്ടിനെ ഇഷ്ടപ്പെടുന്നു. യഥാർഥമായ നിലയിൽ ആ ഇരുട്ടിലേക്കു ചായ്‌വുള്ളതുകൊണ്ടല്ല ഇത്. മറിച്ച് സർവ്വജ്ഞനും യുക്തിജ്ഞനുമായ അല്ലാഹു അതിലേക്കു അവന്റെ ശ്രദ്ധ നല്കിയതുകൊണ്ടാണ്. ആത്മീയമായ ബുദ്ധിമുട്ടിൽനിന്നും പ്രയാസത്തിൽനിന്നും അല്പം വിശ്രമിച്ച് വീണ്ടും ആ കഠിനാധ്വാനത്തിന്റെ ഭാരം വഹിക്കുന്നതിന് തയ്യാറാകാൻ വേണ്ടിയാണിത്. ആരുടേയോ ഒരു പദ്യ ശകലമുണ്ട്:

*പരുന്തിന്റേതത്രെ പരിചിതനാം*
*വേടന്റെ കണ്ണുകൾ!*
*ഇപ്പോഴത്*
*ഇമപൂട്ടിയിരിക്കുന്നുവെങ്കിലും*
*നിശ്ചയം, തുറക്കുവാനുള്ളതാണ്.*

ഇപ്രകാരം ഈ സമ്പൂർണ മനുഷ്യർ ദുഃഖവും വ്യസനവും മാനസികപ്രയാസവും അതിജയിച്ചു നില്ക്കുന്ന നേരത്ത് ആത്മീയമായ ആനന്ദങ്ങളിൽനിന്ന് കുറച്ചൊക്കെ ഫലം അനുഭവിക്കുന്നുണ്ട്. അപ്പോൾ പിന്നെ ദുർബലമായ ശരീരങ്ങൾ അവയുടെ ആത്മാവിന്റെ കൂട്ടിനുവേണ്ടി പുതിയരീതിയിൽ ശക്തവും ബലിഷ്ഠവുമായിത്തീരുന്നു. നിസ്സാരമായ ഈ മറാവസ്ഥകൊണ്ട് വലിയ വലിയ ആത്മീയഘട്ടങ്ങൾ അവർ തരണം ചെയ്യുന്നു. ഇതിനു പുറമെ മനുഷ്യാത്മാവിൽ രാത്രിയുടേയും മറ്റും സൂക്ഷ്മമായ സ്വഭാവങ്ങളും കാണുന്നു. അവയെ ജ്യോതിശാസ്ത്രത്തിന്റേയും നക്ഷത്ര ശാസ്ത്രത്തിന്റേയും പ്രകൃതിശാസ്ത്രത്തിന്റേയും അതിസൂക്ഷ്മമായ ദൃഷ്ടി കണ്ടു പിടിച്ചതാണ്. അപ്രകാരംതന്നെ സമ്പൂർണമനുഷ്യാത്മാവിന് ആകാശവുമായിട്ടും സാദൃശ്യമുണ്ട്. ഉദാഹരണത്തിന് ഒരു വസ്തുകൊണ്ടും നിറയ്ക്കാൻ സാധ്യമല്ലാത്തത്ര വിശാലവും വിസ്തൃതവുമാണ് ആകാശമണ്ഡലം. അപ്രകാരംതന്നെ ഈ പുണ്യാത്മാക്കളുടെ സംസാരാത്മാവും അപാരമായ വിശാലത ഉൾക്കൊള്ളുന്നു. ആയിരക്കണക്കിന് ദൈവജ്ഞാനങ്ങളും യാഥാർഥ്യങ്ങളും സമ്പാദിച്ചിട്ടും വീണ്ടും *മാ അറഫനാക്ക*-നിന്നെക്കുറിച്ചുള്ള അറിവ് ഞങ്ങൾക്കില്ല-എന്ന് ഉറക്കെ ഉറക്കെ പറഞ്ഞുകൊണ്ടിരിക്കുന്നു. ആകാശമണ്ഡലം ഒരുവസ്തുകൊണ്ടും നിറയ്ക്കാൻ പറ്റാത്തത്ര വിശാലവും വിസ്തൃതവുമാണ്. ആകാശമണ്ഡലം മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നതുപോലെ അങ്ങേയറ്റം തിളക്കമാർന്ന കഴിവുകൾ അവരിലും നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. അത് നക്ഷത്രങ്ങളെപ്പോലെ തിളങ്ങുന്നതായി കാണുന്നു. ഇപ്രകാരംതന്നെ

സമ്പൂർണ മനുഷ്യന്റെ ആത്മാവിന് ഭൂമിയുമായിട്ടും തികഞ്ഞ സാദൃശ്യമുണ്ട്. അതായത് ഏറ്റവും സവിശേഷമായ മണ്ണിന്റെ; അതിൽ വിത്തു വിതയ്ക്കുകയും നല്ല വണ്ണം നോക്കുകയും നനയ്ക്കുകയും വേണ്ടുന്നതെല്ലാം കൃത്യമായി ചെയ്തുകൊടുക്കുകയും ചെയ്യുമ്പോൾ മറ്റു മണ്ണിനെ അപേക്ഷിച്ച് ആയിരം ഇരട്ടി അധികം ഫലം അതു നൽകുന്നതാണ്. അതിന്റെ ഫലം മറ്റുള്ള പഴങ്ങളെ അപേക്ഷിച്ച് അങ്ങേയറ്റം രുചികരവും മാധുര്യമുള്ളതും വലുപ്പമുള്ളതുമായിരിക്കും. ഇപ്രകാരം സമ്പൂർണ മനുഷ്യാത്മാവിന്റെ അവസ്ഥ ദൈവകല്പനകൾ വിതയ്ക്കുന്നതുകൊണ്ട് അത്ഭുകരമായി പച്ചപ്പെടുത്ത് അതിന്റെ സൽക്കർമങ്ങളുടെ ചെടികൾ മുളച്ചു പുറത്തുവരുന്നു. ഭംഗിയുള്ളതും അത്യധികം രുചിയുള്ളതുമായിരിക്കും അതിന്റെ പഴങ്ങൾ. അതു കാണുന്ന ഓരോരുത്തർക്കും അല്ലാഹുവിന്റെ ശക്തിപ്രഭാവമോർത്തു 'സുബ്ഹാനല്ലാഹ് സുബ്ഹാനല്ലാഹ് എന്നു പറയേണ്ടി വരുന്നു. 'വനഫ്സിൻ വമാ സവ്വാഹാ' എന്ന ഖുർആനിക വചനം വ്യക്തമായ നിലയിൽ പറഞ്ഞുകൊണ്ടിരിക്കുന്നത് സമ്പൂർണ മനുഷ്യൻ അർഥത്തിലും അവസ്ഥയിലും ഒരു ലോകമാണെന്നാണ്. മഹാലോകത്തിലെ എല്ലാ ദുഃഖപ്രകടനങ്ങളും സവിശേഷ ഗുണങ്ങളും പ്രത്യേകതകളും സംയുക്തമായ നിലയിൽ അതുൾക്കൊള്ളുന്നു; പ്രതാപവാനായ അല്ലാഹു സൂര്യന്റെ വിശേഷതകളിൽനിന്ന് തുടക്കംകുറിക്കുകയും നമ്മുടെ വാസസ്ഥാനമായ ഭൂമിവരെയുള്ള എല്ലാ വസ്തുക്കളുടേയും പ്രത്യേകതകൾ സൂചനാത്മകമായ നിലയിൽ വിവരിച്ചതുപോലെ തന്നെ! അതായത് സാക്ഷ്യമെന്നനിലയിൽ അവയെക്കുറിച്ചു പറഞ്ഞു. ഇതിനുശേഷം സമ്പൂർണ മനുഷ്യന്റെ ആത്മാവ്, സത്യം ചെയ്യപ്പെട്ട ആദ്യ വസ്തുക്കളിൽ പ്രത്യേകം പ്രത്യേകം കാണുന്ന ആ എല്ലാ വിവിധ കഴിവുകളുടേയും സമുച്ചയമാണെന്ന് മനസ്സിലാക്കാനായി സമ്പൂർണ മനുഷ്യന്റെ ആത്മാവിനെക്കുറിച്ചു പറഞ്ഞു. തന്റെ സത്തയ്ക്കെതിരിൽ വരുമ്പോൾ നിഷ്പ്രയോജനവും ഒരു പ്രസക്തിയില്ലാത്തതുമായ വസ്തുക്കളെപിടിച്ച് അല്ലാഹു എന്തിനു സത്യം ചെയ്തു വെന്ന് ചോദിക്കുകയാണെങ്കിൽ, അതിനുള്ള മറുപടി, വിശുദ്ധ ഖുർആനിൽ നിറഞ്ഞു നില്ക്കുന്ന അല്ലാഹുവിന്റെ പൊതുവായൊരു നടപടിക്രമമാണ് അതെന്നാണ്. അതായത് ചില സൂക്ഷ്മമായ കാര്യങ്ങളെ സമർഥിക്കുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടി പൊതുവെ വെളിവായിട്ടുള്ളതും മറയില്ലാത്തതും അവിതർക്കിതവുമായ സംഗതികൾ ഉൾക്കൊള്ളുന്ന കാര്യങ്ങൾ തെളിവിനായി ഉദ്ധരിക്കാറുണ്ട്. അതിൽ ആർക്കും ഒരു സംശയവുമുണ്ടാവാനിടയില്ല. ഏതുപോലെയെന്നാൽ, സൂര്യനുണ്ട്. അതിനു വെയിലുമുണ്ട്. ചന്ദ്രനുണ്ട്. അതിനു സൂര്യനിൽനിന്ന് സ്വീകരിക്കുന്ന പ്രകാശവുമുണ്ട്. അത് എല്ലാ ദിവസവും പ്രകാശിക്കുന്നതും എല്ലാവരും കാണുന്നു. രാത്രിയും എല്ലവർക്കും കാണാൻ കഴിയുന്നുണ്ട്. ആകാശമണ്ഡലവും എല്ലാവരുടേയും മുമ്പിലുണ്ട്. ഭൂമിയാണെങ്കിൽ മനുഷ്യരുടെ വാസസ്ഥാനവുമാണ്. ഈ എല്ലാ വസ്തുക്കളും അതാതിന്റെ വ്യക്തമായ അസ്തിത്വവും സ്പഷ്ടമായ സ്വഭാവങ്ങളും ഉൾക്കൊള്ളുന്നവയാണ്. ഇതിലാർക്കും എതിർ അഭിപ്രായം ഉണ്ടാകുകയില്ല. മനുഷ്യന്റെ മറഞ്ഞിരിക്കുന്നതും സൂക്ഷ്മവുമായ വസ്തുവാണ് ആത്മാവ്; അതിന്റെ ഉൺമയെപ്പറ്റിത്തന്നെ നൂറുക്കണക്കിന് തർക്കങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. മനുഷ്യാത്മാവ് ശരീരത്തിൽ നിന്ന് വേർപെട്ട ശേഷം അനശ്വരമായി നിലകൊള്ളുമെന്ന് വിശ്വസിക്കാത്ത ധാരാളം കക്ഷികളുണ്ട്. ചിലർ ആത്മാവിനേയും അതിന്റെ അനശ്വരതയും നിലനില്പും വിശ്വസിക്കുന്നവരാണെങ്കിലും അവരും അതിന്റെ ആന്തരികമായ കഴിവുകളെ വേണ്ട രീതിയിൽ വിലമതിക്കാറില്ല. എന്നല്ല, ചിലർ കരുതുന്നത് തങ്ങൾ ഈ ലോകത്തു വന്നത്, മൃഗങ്ങളെപ്പോലെ തിന്നാനും കുടിക്കാനും ശരീരേച്ഛകൾക്കു വഴിപ്പെട്ട് ആയുസ്സ് കഴിക്കാനുമാണെന്നാണ്. മനുഷ്യാത്മാവ് എത്രമാത്രം ഉന്നതവും കഴിവുറ്റതുമാണെന്ന കാര്യം അവർക്കറിയില്ല. അത് ശ്രേഷ്ഠതകൾ സമ്പാദിക്കാൻ ശ്രമിക്കുകയാണെങ്കിൽ ചുരുങ്ങിയ കാലംകൊണ്ട് മുഴുലോകത്തിലെ വിവിധ കഴിവുകളുടേയും വിശേഷശക്തികളുടേയും വർഗങ്ങളുടേയുംമേൽ ഒരു വൃത്തമെന്നപോലെ വലയം ചെയ്യാൻ പ്രാപ്തമാണ്. അതുകൊണ്ട് പ്രതാപവാനായ അല്ലാഹു ഈ അനുഗൃഹീത അധ്യായത്തിൽ മനുഷ്യാത്മാവിന്റേയും അതിന്റെ അങ്ങേയറ്റം ശ്രേഷ്ഠമായ സ്വഭാവങ്ങളുടേയും തെളിവു നൽകാൻ ആഗ്രഹിച്ചു. അതിനു ഒന്നാമതായി അവൻ ചിന്തയെ തിരിച്ചുവിടുന്നതിനായി സൂര്യൻ, ചന്ദ്രൻ തുടങ്ങി വസ്തുക്കളുടെ വിവിധ സ്വഭാവഗുണങ്ങൾ വിവരിച്ചുകൊണ്ട് മനുഷ്യാത്മാവ് പലവിധ കഴിവുകളുടേയും സമുച്ചയമാണെന്ന് എടുത്തു പറഞ്ഞു. ആകാശഗോളങ്ങളിലും ഭൂമിയിലും വിവിധ നിലയിൽ കാണുന്ന ഉന്നതമായ ശ്രേഷ്ഠതകളും പ്രത്യേകതകളും മനുഷ്യാത്മാവിൽ കാണുന്നുണ്ട്. അപ്പോൾ അത്തരം മഹത്തായതും വിവിധതരം ശ്രേഷ്ഠതകളുടെ സമുച്ചയവുമായ ഒന്നിനെ സംബന്ധിച്ച് അത് മരണത്തിനുശേഷം നാശമടയുന്ന വസ്തുവാണെന്ന് സംശയിക്കുന്നത് അങ്ങേയറ്റം വിഡ്ഢിത്തമായിരിക്കും. അതായത് നേരിൽ കാണുകയും അനുഭവിക്കുകയും ചെയ്യുന്ന വസ്തുക്കളിലുള്ള ഈ എല്ലാ സ്വഭാവങ്ങളും സ്ഥായിയാണെന്ന് വിശ്വസിക്കുന്നതിൽ നിങ്ങൾക്കു ഒരു എതിർപ്പുമില്ല. ഒരു അന്ധനും വെയിലിന്റെ ചൂട് അനുഭവിച്ച് സൂര്യനിൽ ദൃഢമായിവിശ്വസിക്കുന്നു. മനുഷ്യാത്മാവിൽ സർവവും ഒന്നായിട്ട് നിലവിലുള്ളപ്പോൾ സ്ഥായിയും നിലനില്ക്കുന്നുമായ ആത്മാവിന്റെ അസ്തിത്വത്തിൽ നിങ്ങൾക്കെന്താണ് പറയാൻ ബാക്കിയുള്ളത്? തന്റെ സത്തയിൽ ഒന്നുമല്ലാത്ത ഒരു വസ്തുവിന് നിലവിലുള്ള എല്ലാ വസ്തുക്കളുടേയും സ്വഭാവ ഗുണങ്ങൾ ഉൾക്കൊള്ളുക എന്നത് സാധ്യമാണോ?

സത്യംചെയ്യൽ സാക്ഷ്യത്തെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ടാണ് ഇവിടെ സത്യം ചെയ്യുക എന്ന ശൈലി പ്രതാപവാനായ അല്ലാഹു ഇഷ്ടപ്പെട്ടത്. ഇക്കാരണത്താൽ ന്യായാധിപന്മാരും സാക്ഷികളാരുമില്ലെങ്കിൽ സത്യത്തെ അവലംബമാക്കുന്നു. ഒറ്റ പ്രാവശ്യത്തെ സത്യംകൊണ്ടു അവർ ഫലമെടുക്കുകയും ചെയ്യുന്നു. കുറഞ്ഞത് രണ്ടു സാക്ഷികളെക്കൊണ്ടു അതു ചെയ്യിക്കാവുന്നതാണ്. ബുദ്ധിപരമായും ജ്ഞാനപരമായും നിയമപരമായും മതശാസ്ത്രപരമായും സത്യംചെയ്യൽ സാക്ഷിയുടെ പ്രതിനിധിയായിട്ടു മനസ്സിലാക്കുന്നതിനാൽ, അല്ലാഹു ഇവിടെ സാക്ഷി എന്ന നിലയിൽ അതിനെ നിശ്ചയപ്പെടുത്തിത്തന്നിരിക്കുകയാണ്. സൂര്യനെക്കൊണ്ടും അതിന്റെ പ്രകാശത്തെക്കൊണ്ടും സത്യം എന്ന് അല്ലാഹു പറയുമ്പോൾ യഥാർഥത്തിൽ അതുകൊണ്ടുള്ള ഉദ്ദേശ്യം സൂര്യനും അതിന്റെ പ്രകാശവും, ഇവ രണ്ടും മനുഷ്യാത്മാവ് നിലവിലുണ്ടെന്നതിനും അത് എന്നെന്നും നിലനില്ക്കുന്നതാണെന്നതിനുമുള്ള സാക്ഷി പറയുക എന്നാണ്. എന്തുകൊണ്ടെന്നാൽ സൂര്യനിൽ എന്തെന്തെല്ലാം പ്രത്യേകതകൾ -ചൂട്, പ്രകാശം തുടങ്ങിയ വ-കാണുന്നുണ്ടോ അതേ പ്രത്യേകതകൾ കുടുതൽ കാര്യങ്ങളോടുകൂടി മനുഷ്യാത്മാവിലുണ്ട്. പരിപൂർണത കൈവരിച്ച ആത്മാക്കളിൽ കാണുന്ന ജാഗ്രദർശനങ്ങളുടെ പ്രകാശത്തിന്റേയും ആഭിമുഖ്യത്തിന്റേയും തീക്ഷ്ണതയുടെ അത്ഭുത സമാഹാരങ്ങൾ സൂര്യന്റെ തീക്ഷ്ണതയെക്കാളും പ്രകാശത്തെക്കാളും പതിന്മടങ്ങ് അധികമാണ്. അതുകൊണ്ട് സൂര്യൻ അതിന്റെ അസ്തിത്വത്തോടുകൂടി നിലകൊള്ളുന്ന സ്ഥിതിയ്ക്ക്, സ്വഭാവങ്ങളിൽ അതിനു തുല്യവും സമവുമായിട്ടുള്ളതെന്നല്ല അതിനെക്കാൾ ഉപരിയായ അതായത് മനുഷ്യാ

**• അല്ലാഹുവിന്റെ കലാം •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."** *(വിശുദ്ധ ഖുർആൻ 51:57)*



tectona
feels more confidence
All Types Of Quality Furniture


**• അല്ലാഹുവിന്റെ കലാം •**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

*(വിശുദ്ധ ഖുർആൻ 54:18)*

താലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ത്മാവ് എന്തുകൊണ്ട് ഉണ്ടായിരിക്കാവതല്ല. ചന്ദ്രനെക്കൊണ്ടു സത്യം, അതു സൂര്യനെപിൻപറ്റുമ്പോൾ എന്നുള്ള അല്ലാഹുവിന്റെ പറച്ചിലിന്റെ ഉദ്ദേശ്യം അതായത് ചന്ദ്രൻ സൂര്യനിൽനിന്ന് പ്രകാശം സ്വീകരിക്കുന്നുവെന്നത് മനുഷ്യാത്മാവ് നിലവിലുണ്ടെന്നതിനും അത് അശ്വരവസ്തു ആണെന്നതിനുമുള്ള വർത്തമാനകാല സാക്ഷിയാണ്. ചന്ദ്രൻ സൂര്യനിൽനിന്ന് പ്രകാശം സമ്പാദിക്കുന്നതുപോലെ സന്നദ്ധനും സത്യന്വേഷകനുമായ മനുഷ്യാത്മാവ് സമ്പൂർണനായ മനുഷ്യാത്മാവിനെ പിൻപറ്റി അദ്ദേഹത്തിന്റെ പ്രകാശത്തിൽനിന്ന് പ്രകാശംമെടുക്കുന്നു. അദ്ദേഹത്തിന്റെ ആന്തരികമായ സമൃദ്ധിയാൽ സമൃദ്ധമാനായിത്തീരുന്നു. എന്നല്ല ചന്ദ്രനെക്കാളുപരി പ്രകാശത്തെ പ്രയോജനപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ പ്രകാശം സമ്പാദിച്ചിട്ട് ഉപേക്ഷിക്കുകയും ചെയ്യാറുണ്ട്. എന്നാൽ, മനുഷ്യാത്മാവ് ഒരിക്കലും താൻ ആർജിച്ചെടുത്ത പ്രകാശം ഉപേക്ഷിക്കുകയില്ല. പ്രകാശത്തെ പ്രയോജനപ്പെടുത്തുന്നതിൽ ചന്ദ്രന്റെ ഈ പങ്കാളി വിജയിയാണ്. ചന്ദ്രന്റെ മറ്റുള്ള എല്ലാ വിശേഷ ഗുണങ്ങളും പ്രത്യേകതകളും അതുൾക്കൊള്ളുന്നു. അപ്പോൾപ്പിന്നെ ചന്ദ്രനെ അസ്തിത്വമുള്ളതും നിലനില്ക്കുന്നതുമായി വിശ്വസിക്കാനും എന്നാൽ, മനുഷ്യാത്മാവ് അനശ്വരമായി നിലകൊള്ളുന്നതല്ലെന്ന് പറഞ്ഞ് തള്ളാനും എന്തു കാരണമാണുള്ളത്. ചുരുക്കം പറഞ്ഞാൽ ഇപ്രകാരം അല്ലാഹു മനുഷ്യാത്മാവിനെക്കൊണ്ട് ആദ്യം സത്യം ചെയ്തു പറഞ്ഞ എല്ലാ വസ്തുക്കളേയും സ്വഭാവ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ സാക്ഷികളായും സംസാരിക്കുന്ന സാക്ഷിയായും നിശ്ചയിച്ചുകൊണ്ട് മനുഷ്യാത്മാവ് യഥാർഥത്തിൽ ഉണ്ടെന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. ഇപ്രകാരംതന്നെ വിശുദ്ധഖുർആനിൽ ചില വസ്തുക്കളെ പിടിച്ച് സത്യം ചെയ്തിരിക്കുന്നിടത്തെല്ലാം ആ സത്യം ചെയ്യലിന്റെ ഉദ്ദേശ്യം ബാഹ്യമായ കാര്യത്തെ അതേ നിലയിലുള്ള മറഞ്ഞിരിക്കുന്ന കാര്യത്തെ സ്ഥാപിക്കാനായി സാക്ഷി എന്ന നിലയിൽ സമർപ്പിക്കും എന്നതാണ്. പക്ഷേ, ഇവിടെ മനുഷ്യാത്മാവ് ഉണ്ടെന്നതിലേക്ക് സത്യം എന്ന നിലയിൽ സാക്ഷികൾ സമർപിക്കപ്പെടുമ്പോൾ, ആ സാക്ഷികളുടെ സ്വഭാവങ്ങൾ ബാഹ്യമായ നിലയിൽ മനുഷ്യാത്മാവിൽ എവിടെയാണുള്ളതെന്ന ചോദ്യമുണ്ടാകാം. ഉണ്ടെന്നതിനുള്ള തെളിവെന്താണ്? ഈ സംശയം ദൂരീകരിക്കുന്നതിന് പ്രതാപവാനായ അല്ലാഹു അതിനുശേഷം പറയുന്നു: *ഫ അൽഹമഹാ ഫുജൂറഹാ വതഖ്‌വാഹാ ഖദ് അഫ്‌ലഹ മൻ സക്കാഹാ വഖദ് ഖാബ മൻ ദസ്സാഹാ* അതായത് അല്ലാഹു മനുഷ്യാത്മാവിനെ സൃഷ്ടിച്ചുകൊണ്ട് അന്ധകാരത്തിന്റേയും പ്രകാശത്തിന്റേയും, നാശത്തിന്റെയും പച്ചപ്പിന്റേയും രണ്ടു വഴികളും അതിനായി തുറന്നു. അന്ധകാരത്തിന്റേയും കുറ്റകൃത്യത്തിന്റേയും അതായത് വഴികേടിന്റെവഴി സ്വീകരിക്കുന്നവനെ ആ വഴിയിൽ അതിന്റെ അവസാനംവരെ എത്തിക്കുന്നു. എത്രത്തോളമെന്നാൽ ഇരുട്ടുള്ള രാത്രിയോട് അവൻ സദൃശനാ യിത്തീരുന്നു. പാപകർമങ്ങളിലും ദുഷ്ചെയ്തികളിലും അന്ധകാര നിബിഢമായ ചിന്താഗതികളിലുമല്ലാതെ മറ്റൊന്നിലും അവന് ആനന്ദമുണ്ടാകുകയില്ല. അത്തരം കൂട്ടുകെട്ട് അവന് നല്ലതായി തോന്നുന്നു. അത്തരം പ്രവൃത്തികൾ അവന്റെ മനസ്സിന് സന്തോഷം പകരുന്നു. അവന്റെ ദുഷ്പ്രകൃതിയ്ക്ക് അനുയോജ്യമായി ചീത്ത വെളിപാടുകളും അവനുണ്ടായിക്കൊണ്ടിരിക്കുന്നു. അതായത് സദാസമയവും ദുർന്നടപ്പിന്റേയും ദുഷ്പ്രവർത്തനങ്ങളുടേയും വിചാരങ്ങൾ അവനുണ്ടാകുന്നു. ഒരിക്കലും സത്‌വിചാരങ്ങൾ ഉണ്ടാകുകയില്ല. ദോഷങ്ങളിൽനിന്ന് അകന്നു നിന്നുകൊണ്ട് തേജോമയമായ വഴി സ്വീകരിക്കുകയാണെങ്കിൽ, ആ പ്രകാശത്തെ സഹായിക്കുന്ന വെളിപാട് അവനുണ്ടായിക്കൊണ്ടിരിക്കും. അതായത് അവന്റെ ഹൃദയ ത്തിൽ വിത്തുപോലെ നിലവിലുള്ള പ്രകാശത്തെ തന്റെ പ്രത്യേക വെളിപാടുമുഖേന അല്ലാഹു പൂർണതയിലെത്തിക്കുന്നു. അവന്റെ പ്രകാശമയമായ ജാഗ്രദർശനങ്ങളുടെ അഗ്നിയെ ജ്വലിപ്പിക്കുന്നു. അപ്പോൾ അവൻ തന്റെ തിളങ്ങുന്ന പ്രകാശത്തെ കണ്ടുകൊണ്ട് താൻ ചെയ്യുന്ന ഗുണത്തിന്റേയും ഫലത്തിന്റേയും പ്രത്യേകതകൾ പരിശോധിച്ച് സൂര്യന്റേയും ചന്ദ്രന്റേയും പ്രകാശം തന്നിലുണ്ടെന്നും ആകാശം വിശാലവും ഉയർന്നതും നക്ഷത്രങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നതുംപോലെ തന്റെ നെഞ്ചകം വിശാലവും ഉയർന്നതുമാണെന്നും മനസ്സിലും ബുദ്ധിയിലും നക്ഷത്രങ്ങളെപ്പോലെ തിളക്കമാർന്ന ശക്തികളുടെ ഖജനാവുകളുണ്ടെന്നും ദൃഢമായും വിശ്വസിക്കുന്നു. അപ്പോൾ അവന് ഇക്കാര്യം മനസ്സിലാക്കാൻ വെളിയിൽനിന്ന് മറ്റു തെളിവുകളുടെ ആവശ്യം വരുന്നില്ല. മറിച്ച് അവന്റെ ഉള്ളിൽനിന്നുതന്നെ ഒരു പരിപൂർണ തെളിവിന്റെ ജലപ്രവാഹം എപ്പോഴും അലതല്ലിക്കൊണ്ടിരിക്കുന്നു. ദാഹിയായ അവന്റെ ഹൃദയത്തെ അത് ആർദ്രമാക്കിക്കൊണ്ടിരിക്കുന്നു. (തുടരും)

പേജ് 7 ൽ നിന്ന്

ണ്ടിരിക്കുന്നു. അദ്ദേഹത്തിന് ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിനും അല്ലാഹു ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. പൊറുമയോടും കരുണയോടും പെരുമാറട്ടെ. (വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)

പേജ് 8 ൽ നിന്ന്

മൃതശരീരം തിരിച്ചുകൊണ്ടുപൊയ്ക്കൊള്ളുക.’ *(ദലാഇലുന്നുബുവ്വ ലിൽബയ്ഹഖി വാല്യം 3)*

മദീനയിലെ ഒരു യഹൂദിക്കുട്ടിയെ അവിടന്ന് തന്റെ വീട്ടിൽ സേവനത്തിന് വച്ചിരുന്നു. അവൻ രോഗിയായപ്പോൾ അവനെ കാണുന്നതിന് അവിടന്ന് അവന്റെ വീട്ടിൽ പോയി. *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 3)*

നബി(സ) തിരുമേനിയുടെ ഒരു സ്വഹാബിയായിരുന്നു ഥമാമ ബിൻ ഉഥ്ഥാൽ. അദ്ദേഹം യമാമയിലാണ് താമസിച്ചിരുന്നത്. മക്കക്കാർക്കുവേണ്ടി അദ്ദേഹം ഗോതമ്പ് അയക്കുമായിരുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ, നബി(സ)തിരുമേനിയോടു മക്കക്കാർ മോശമായി പെരുമാറുന്നുവെന്നറിഞ്ഞു. അപ്പോൾ ഇനി ഇവിടെനിന്ന് ഒരുമണിധാന്യം പോലും അവിടെ പോകുകയില്ലെന്ന് അദ്ദേഹം തീരുമാനിച്ചു. മക്കക്കാർ ആകെ ദുരിതത്തിലായി. ഥമാമ ബിൻ ഉഥ്ഥാൽ മക്കയിൽ വന്നപ്പോൾ അദ്ദേഹം മക്കക്കാരോടു പറഞ്ഞു: എന്റെ പ്രിയപ്പെട്ടയാൾ അനുവാദം തരാതെ യമാമയിൽനിന്ന് ഗോതമ്പിന്റെ ഒരു വാഹനംപോലുംവരികയില്ല. അപ്പോൾ നബി(സ) തിരുമേനിയുടെ സവിധത്തിലെത്തി മക്കക്കാർ അപേക്ഷിച്ചു: അങ്ങ് ചാർച്ചയെ ചേർക്കാൻ അധ്യാപനം നല്കുന്നു. ഞങ്ങളുടെ ഗോതമ്പ് വരവ് നിലച്ചുപോയിരിക്കുന്നു. ഞങ്ങൾ വിശപ്പുകൊണ്ട് മരിക്കാൻ തുടങ്ങിയിരിക്കുകയാണ്. ഞങ്ങളിൽ കരുണചെയ്താലും. അപ്പോൾ നബി(സ)തിരുമേനി ഥമാമയോടു പറഞ്ഞു: ‘ഥമാമാ! അവരുടെ ഗോതമ്പ് തടയരുത്.’ അങ്ങനെ മാനവികതയുടെ ഉപകാരിയുടെ ഈ വാത്സല്യത്താൽ മക്കക്കാർക്ക് വീണ്ടും ഗോതമ്പ് ലഭിക്കാൻ തുടങ്ങി. (അസ്സീറത്തുന്നബവിയ്യ ലിഇബ്നിഹിശാം)

ലാഹോറിൽനിന്ന് പ്രസിദ്ധീകരിക്കുന്ന സദുപദേശ് എന്ന മാസികയിൽ പത്രാധിപർ 1915 ജൂലായ് 7 - ന്റെ പ്രസിദ്ധീകരണത്തിലെഴുതി.

“ആളുകൾ പറയുന്നത് ഇസ്‌ലാം വാളിന്റെ ശക്തിയാൽ വ്യാപിച്ചുവെന്നാണ്. എന്നാൽ, നാം ഒരിക്കലും ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല. എന്തുകൊണ്ട്? കാരണം ഇസ്‌ലാമിന്റെ സ്ഥാപകരുടെ ഉള്ളിൽ ആത്മീയമായ ശക്തി ഉണ്ടായിരുന്നു. മനുഷ്യകുലത്തോടു പ്രേമമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഉള്ളിൽ സ്നേഹവും കാരുണ്യത്തിന്റെ പരിശുദ്ധവികാരവും പ്രവർത്തിച്ചിരുന്നു. സദ്വിചാരങ്ങൾ അദ്ദേഹത്തെ നയിച്ചിരുന്നു.”

നബി(സ)തിരുമേനി മാനവികതയുടെ ആദരവിന്റെ പരമ്പരയിൽ കാണിച്ച ഉദാരമായ സ്വഭാവത്തിന്റെ ഒരു നേട്ടമാണിത്. പക്ഷേ, കൂടുതൽ വിശദീകണത്തിലേക്ക് പോയി പരിശോധിക്കുകയാണെങ്കിൽ ഓരോ മനുഷ്യന്റെ ശരീരവും ആത്മാവും അടിസ്ഥാനപരമായി ആവശ്യപ്പെടുന്നത് ആരെങ്കിലും അവന്റെ വിശപ്പകറ്റുക എന്നതാണ്. ആരെങ്കിലും അവനെ നല്ലവെള്ളം കുടിപ്പിക്കുക എന്നാണ്. ആരെങ്കിലും അവന്റെ നഗ്നത മറയ്ക്കാനുള്ള ഏർപ്പാട് ചെയ്യുക എന്നതാണ്. ആരെങ്കിലും അവനെ തുറന്ന ആകാശത്തിൻ കീഴിൽ കിടക്കാൻ സമ്മതിക്കാതിരിക്കുക എന്നതാണ്. ഇന്നത്തെ വികസിത രാജ്യത്തും മനുഷ്യന്റെ ഈ അടിസ്ഥാനപരമായ ആവശ്യങ്ങൾ ഭക്ഷണം, വസ്ത്രം, പാർപ്പിടം ലഭ്യമാക്കുന്നത് മാനവികതയുടെ സേവനത്തിന്റെ ഉയർച്ചയായി മനസ്സിലാക്കുന്നു. പക്ഷേ, ഇന്നും നമ്മൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് ഈ മുദ്രാവാക്യം മുഴക്കുന്നവർ വലിയ വലിയ വികസിത ഭരണകൂടങ്ങൾപോലും ഈ നടപടികളിൽ നൂറുശതമാനം വിജയിക്കുന്നില്ല എന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വികസിത രാജ്യങ്ങളിൽ മാനവികത ലജ്ജിക്കുന്നതായി കാണുന്നു.

എന്നാൽ, ഇന്നേക്ക് 1400 വർഷം മുമ്പേ വിശുദ്ധഖുർആൻ മാനവകുലത്തിന്റെ ഈ അടിസ്ഥാനപരമായ അവകാശത്തെ അംഗീകരിച്ചുകൊണ്ട് വിളംബരം ചെയ്തു. ***ഇന്നലക്ക അല്ലാ തജൂഅ ഫീഹാ വലാ തഅ്റാ. വ അന്നക്ക ലാ തള്മ്അ ഫീഹാ വലാ തള്ഹാ*** (20:119 - 120) തീർച്ചയായും നിനക്ക് ഇതിൽ വിശക്കേണ്ടതില്ല. നഗ്നനാകേണ്ടതുമില്ല (എന്നത് നിശ്ചയിക്കപ്പെട്ടിരിക്കുന്നു). തീർച്ചയായും നിനക്കിതിൽ ദാഹവുമുണ്ടാവുകയില്ല. വെയിലിന്റെ ഉഷ്ണമേൽക്കുകയുമില്ല.”

നബി(സ)തിരുമേനിയുടേയും അവിടത്തെ ചില മാന്യന്മാരായ ഖലീഫമാരുടേയും കാലഘട്ടത്തിൽ ഈ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചു കാണിക്കു

EDITOR
H.Shamsuddin
Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551
ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP-44/2023-2025 Vol-9 Thursday 04 July 2024 Issue-27

MANAGER
SHAIKH MUJAHID AHMAD
Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

കയും ചെയ്തു. പക്ഷേ, ദൗർഭാഗ്യവശാൽ മുസ്‌ലിം ഭരണകൂടങ്ങളുടെ നേതാക്കന്മാരിൽ മാനവികതയോടുള്ള ആദരവ് ഇല്ലാതാകുകയും ഭൗതികതയുടേയും വ്യക്തിപരമായ നേട്ടങ്ങളുടേയും മുൻഗണന ആ സ്ഥലംനേടുകയും ചെയ്തപ്പോൾ പൊതുജനങ്ങൾക്കും മാനവികതയുടെ അടിസ്ഥാനപരമായ നിർബന്ധകാര്യങ്ങൾ നിഷേധിക്കപ്പെടുകയുണ്ടായി. ഇന്ന് പൊതുജനവും ഭരണകൂടങ്ങളുടെ നേതാക്കന്മാരും പരസ്പരം പരസ്യമായി പോരാടുന്നവരായി കാണാൻ കഴിയുന്നു.

മറുഭാഗത്ത് വികസിത രാജ്യങ്ങൾ മാനവികതയുടെ ഈ അടിസ്ഥാനപരമായ ആവശ്യങ്ങൾക്കും അതിന്റെ പൂർത്തീകരണത്തിനുമായി വലിയ വലിയ പദ്ധതികളുണ്ടാക്കി. മൂല്യാധിഷ്ഠിത വ്യവസ്ഥിതിക്കെതിരിൽ കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതി മുന്നിൽവന്നു. എന്നിട്ടും സമ്പന്നർക്കും ദരിദ്രർക്കുമിടയിൽ സമത്വം സ്ഥാപിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. സമ്പന്നർ അതിസമ്പന്നരായും ദരിദ്രർ അതിദരിദ്രരായും പൊയ്ക്കൊണ്ടിരിക്കുന്നു. ഇക്കാരണത്താൽ മനുഷ്യൻ മനുഷ്യന്റെ ശത്രുവായിക്കൊണ്ടിരിക്കുന്നു.

ഓരോ മനുഷ്യന്റേയും അടിസ്ഥാനപരമായ ആവശ്യങ്ങൾ നിജപ്പെടുത്തി അവ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥിതി ഉണ്ടാകാത്തിടത്തോളം മാനവികതയോടുള്ള ആദരവ് സ്ഥാപിതമാകുകയില്ല. മനുഷ്യന് സമാധാനത്തോടും ശാന്തിയോടും ജീവിക്കാനും സാധിക്കുകയില്ല. ഇത് സാധ്യമാകുന്നത് ശരിയായ അർഥങ്ങളിൽ ഇസ്‌ലാമിന്റെ സാമ്പത്തികവ്യവസ്ഥിതിയനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. നബി(സ) തിരുമേനിയുടെ അധ്യാപനങ്ങളും ജീവചരിത്രവും അനുസരിച്ച് കർമങ്ങൾ ചെയ്യുക. അതിന്റെ ഒന്നാമത്തെ നിയമം സമ്പത്ത് ശരിയായ നിലയിൽ വീതിക്കാനും നിയന്ത്രിക്കാനുമുള്ള ഏർപാടു ചെയ്യുക എന്നതാണ്. ഇതിനുവേണ്ടി ഇസ്‌ലാം അനന്തരാവകാശം വീതിക്കാനുള്ള വ്യവസ്ഥിതി സ്ഥാപിച്ചിരിക്കുന്നു. കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ആൺകുട്ടിയാണെങ്കിലും പെൺകുട്ടിയാണെങ്കിലും അനന്തരാവകാശത്തിൽ അവകാശിയാണ്. ഈ രീതിയിൽ ഭൂസ്വത്തുക്കൾ വീതിക്കപ്പെട്ട് വെറും കുറച്ചാളുകളുടെ കൈയിൽ ഒതുങ്ങി നിൽക്കുകയില്ല.

രണ്ടാമത്തെ നിയമം സമ്പത്തിന്റെ ശരിയായ വീതിക്കലിന് വിവരിക്കപ്പെട്ടിരിക്കുന്നത്, രൂപ സ്വരുകൂട്ടിവെക്കുന്നത് നിരോധിച്ചു. അല്ലാഹു പറയുന്നു: 'അവർ സംഭരിച്ചുവെക്കുന്ന സ്വർണവും വെള്ളിയും നരകാഗ്നിയിൽ ചുട്ടുപഴുപ്പിക്കപ്പെട്ട് പുനരുത്ഥാനനാളിൽ അവരെ പൊള്ളിക്കുന്നതാണ്.' (9:34 - 35) പുരുഷന്മാർ പ്രത്യേകിച്ചും പട്ടും സ്വർണവും ഉപയോഗിക്കുന്നത് നിരോധിച്ചു. വീടുകളിൽ സ്വർണത്തിന്റേയും വെള്ളിയുടേയും പാത്രങ്ങൾ ഉപയോഗിക്കുന്നതും തടഞ്ഞു.(തുടരും)

പേജ് 1 ൽ നിന്ന്

കൂട്ടുകാരനായിരിക്കുന്നത്(അയാൾ ഓർക്കേണ്ടതാണ്) അവൻ വളരെ ചീത്തയായ കൂട്ടുകാരനാണ്. ആ അവസ്ഥയിലും മനുഷ്യൻ തന്റെ സ്വഭാവസംസ്കരണത്തിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ പിന്നീട് തിന്മകളിൽ വളർന്ന് വളർന്ന് അവസാനം ശയ്ത്വാൻ കൂട്ടുകാരൻ മാത്രമല്ല പ്രത്യുത അവന്റെ യജമാനന്റെ സ്ഥാനത്തെത്തിച്ചേരുന്നു. അവന്റെ അടിമത്വത്തിൽ പൂർണമായ നിലയിൽ വരിഞ്ഞുകെട്ടപ്പെടുന്നു. മുഅ്മിനാണെങ്കിൽ സന്മാർഗത്തിന്റെമേലാണ് സഞ്ചരിക്കുന്നത്. എന്നാൽ, ഇയാൾ എത്രമാത്രം അധഃപതിക്കുന്നുവെന്നാൽ, ശയ്ത്വാൻ അവന്റെ പുറത്തേറി സഞ്ചരിക്കുന്നു. അവനാഗ്രഹിക്കുന്നിടത്ത് ഇവനെ തെളിച്ചുകൊണ്ടുപോകുന്നു. അത്തരക്കാരെ കുറിച്ചാണ് വിശുദ്ധ ഖുർആൻ പറഞ്ഞത്, ചില മനുഷ്യരെ നാം എങ്ങനെ സൃഷ്ടിച്ചിരിക്കുന്നുവെന്നാൽ, അവർ ശയ്ത്വാനെ പൂജിക്കാൻ തുടങ്ങുന്നു.(5:61) അതായത് ഇതു നിന്ദ്യതയുടെ പരമമായ സ്ഥാനമാണ്. അല്ലാഹു തന്റെ ദാസനാക്കാൻ വേണ്ടി സൃഷ്ടിച്ച മനുഷ്യൻ തന്റെ ദുഷ്കർമങ്ങൾകൊണ്ട് ശയ്ത്വാനെ അനുസരിക്കാൻ തുടങ്ങുന്നു.

ഇവിടെ ശയ്ത്വാനെ കുറിച്ചും അതായത് അതെന്തു വസ്തുവാണെന്നതിനെ കുറച്ച് വെളിച്ചം വീശേണ്ടതും നിർബന്ധമായി മനസ്സിലാകുന്നു. അറബിഭാഷയുടെ അടിസ്ഥാനത്തിൽ ശയ്ത്വാനെന്നതിന്റെ അർഥം സത്യത്തിൽനിന്ന് അകന്നുപോകുന്ന അസ്തിത്വമെന്നാണ്. അല്ലെങ്കിൽ തിന്മയിൽ അഭിവൃദ്ധിപ്പെടുന്നതെന്നാണ്. നിരാശപ്പെട്ടുപോകുന്ന അസ്തിത്വത്തിനാണ് ഇബ്‌ലീസ് എന്നു പറയുന്നത്. എന്റെ ഗവേഷണമനുസരിച്ച് ശയ്ത്വാനും ഇബ്‌ലീസും എങ്ങനെയുള്ള അസ്തിത്വത്തിന്റെ പേരാണെന്നാൽ, അവനെ അല്ലാഹു മനുഷ്യരെ പരീക്ഷിക്കുന്നതിനുവേണ്ടി മലക്കുകൾക്കെതിരിൽ വെച്ചിരിക്കുന്നു. ഏതുപോലെ തങ്ങളുടെ ജോലി പൂർത്തിയാകുന്നതുവരെ മലക്കുകൾക്ക് മരണമില്ലയോ അതുപോലെ ശയ്ത്വാനും അവന്റെ ജോലി പൂർത്തിയാകുന്നതുവരെ മരണമില്ല.

ഹദ്റത്ത് ആദം(അ)മിന്നെതിരിൽ ഏതൊരു അസ്തിത്വമാണോ എഴുന്നേറ്റുനിന്നിരുന്നത് അത് ഈ ശയ്ത്വാനുമായിരന്നു. അവന്റെ ഛായകളുമായിരുന്നു. പക്ഷേ, ആദമിന്റെ വൃത്താന്തത്തിൽ ഏതൊരു വിശദീകരണമാണോ വിവരിക്കപ്പെട്ടിരിക്കുന്നത് അതിനു രണ്ടു ഭാഗമുണ്ട്. ഒരു ഭാഗം തിന്മ പ്രേരിപ്പിക്കുന്നതിലേക്ക് സൂചിപ്പിക്കുന്നു. ഒരു ഭാഗം അതിന്റെ ഛായകളിലേക്ക് സൂചിപ്പിക്കുന്നു. അതുകൊണ്ട് ഹദ്റത്ത് ആദം(അ)ന്റെ കാലത്തുള്ള ശയ്ത്വാൻ ജീവിച്ചിരിക്കുന്നവനുമാണ്, മരിച്ചുകഴിഞ്ഞവനുമാണ്. അവനേത് അർഥത്തിലാണ് ജീവിച്ചിരിക്കുന്നവൻ? തിന്മ ചെയ്യാനുള്ള പ്രേരണ മനുഷ്യവംശം ഈ ലോകത്ത് നിലനില്ക്കുന്നതുവരെ നിലനിറുത്തപ്പെടുന്നതായിരിക്കും. അവൻ മരിച്ചവനാണ്. ഏതർഥങ്ങളിലാണെന്നാൽ, അവന്റെ ആ ഛായകൾ, അവയുടെ വൃത്താന്തം ആദമിൽ സ്മരണ വരുന്നുണ്ട്. അവൻ ആ കാലഘട്ടത്തിൽ വഫാത്തായി കഴിഞ്ഞിരിക്കുന്നു. തിന്മപ്രേരിപ്പിക്കുന്ന ആ ശയ്ത്വാനെ സംബന്ധിച്ച് ഏതെങ്കിലും പ്രതിഫലത്തിന്റേയോ ശിക്ഷയുടേയോ ചോദ്യംതന്നെ ഉദിക്കുന്നില്ല. കാരണം ഒരു മനുഷ്യനെ കൊല്ലുന്നവൻ കഴുകുമരത്തിൽ കയറ്റപ്പെടുന്നു. പക്ഷേ, നിരവധി ആളുകളെ കത്തിച്ചുകളയുന്ന വൈദ്യുതി ഒരു ശിക്ഷയ്ക്കും അർഹയല്ല. ഭൂകമ്പത്തിന്റെ മൂലധാതു പ്രദേശങ്ങളെ ഇളക്കിമറിക്കുന്നു. ആലിപ്പഴങ്ങളുടെ മഴ കൃഷിക്കാരെ നശിപ്പിക്കുന്നു. പൊടിക്കാറ്റ് നഗരങ്ങളെ ജനശൂന്യമാക്കുന്നു. ഇത് വിഷമമുണ്ടാക്കുന്ന കാര്യങ്ങളാണ്. പക്ഷേ, ഏതെങ്കിലും മതപരമായ ആക്ഷേപത്തിന് വിധേയമായി വരുന്നില്ല. ഏതുപോലെ മലക്കുകളുടെ സങ്കേതം ജന്നത്താണോ അതേപോലെ ശയ്ത്വാന്റേയും ഇബ്‌ലീസിന്റേയും സങ്കേതം ജഹന്നമാണെന്നതിൽ സംശയമില്ല. പക്ഷേ, മലക്കുകൾക്ക് ജന്നത്തിൽനിന്ന് രുചിആസ്വദിക്കാൻ കഴിയുകയില്ല. ശയ്ത്വാന് ജഹന്നമിൽനിന്ന് പീഢനവുമേൽക്കുകയില്ല. ശയ്ത്വാനെന്നത് ഒരു അഗ്നിമയമായ അസ്തിത്വമാണ്. തീപ്പൊരിയും ചൂളയിൽ വേദന അനുഭവിക്കുമോ? അതിന്റെ സ്ഥലംതന്നെ അതാണ്. അതുകൊണ്ട് ശയ്ത്വാൻ നരകത്തിൽ പോകുമെന്നതിന്റെ അർഥം അവന് ശിക്ഷ നല്കപ്പെടുമെന്നല്ല. പ്രത്യുത അവൻ ഏതു സ്ഥലത്തിന്റെ വസ്തുവാണോ അവിടെ ചെന്നു ചേരുന്നതായിരിക്കും. മലക്കുകൾ ജന്നത്തിൽപോകുകയാണെങ്കിൽ ഏതെങ്കിലും സമ്മാനത്തിന് പകരമായിട്ടല്ല പോകുന്നത്. ഇതേപോലും ശയ്ത്വാനും നരകത്തിൽപോകുന്നത് ഏതെങ്കിലും ശിക്ഷ കാരണത്താലല്ല. അതേ അതിന്റെ ഛായകൾ അവ അതാതിന്റെ നിലയനുസരിച്ച് ശിക്ഷ അനുഭവിക്കും. കാരണം അവയ്ക്ക് സൃഷ്ടിക്കപ്പെട്ട ജോലിയല്ല അവ ചെയ്യുന്നത്. പ്രകൃതിപരമായ നിയമത്തിന്നെതിരിൽ പ്രവർത്തിക്കുന്നതിനാണ് എപ്പോഴും ശിക്ഷ കിട്ടുന്നത്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതുതന്നെ നന്മ പ്രവർത്തിക്കുന്നതിനുവേണ്ടിയാണ്. വമാ ഖലഖ്ത്തുൽജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ അതുകൊണ്ട് ആരാണോ ദാസ്യം ഉപേക്ഷിക്കുകയും ഇബാദത്ത് മറക്കുകയും ചെയ്യുന്നത് അവൻ ശിക്ഷയ്ക്കർഹനായിത്തീരുന്നു. എന്നാൽ, തിന്മയുടെ പ്രേരണ ഉണ്ടായിട്ടുള്ളതുതന്നെ പരീക്ഷണത്തിനുവേണ്ടിയാണ്. അതിന് ശിക്ഷ ലഭിക്കുന്നത് അത് തിന്മ പ്രേരിപ്പിക്കുന്നതിൽ അലസത കാണിക്കുമ്പോഴാണ്. പിന്നീടെന്തിനാണ് അതിനെ മോശമെന്ന് പറയുന്നത്? എന്ന ചോദ്യമുണ്ടാകാം. അതിനുള്ള മറുപടി ഏതെങ്കിലും വസ്തു മോശമാകുക എന്നത് മറ്റൊരു കാര്യമാണ്. ശിക്ഷയ്ക്കർഹനാകുക എന്നത് വേറൊരു കാര്യമാണ്. മലം വീട്ടിൽനിന്നെടുത്ത് എറിയാത്തത് അതിനെ ശിക്ഷിക്കുന്നുവെന്ന നിലയിലല്ല. പ്രത്യുത അത് അവിടെ ഇരിക്കുക എന്നത് നമ്മുടെ ആരോഗ്യത്തിന് ഹാനികരമാണെന്നതുകൊണ്ടാണ്. ഇതേ അവസ്ഥയാണ് തിന്മയെ പ്രേരിപ്പിക്കുന്ന ശയ്ത്വാന്റേതും. അവൻ രോഗത്തിന്റേയും പാപത്തിന്റേയും പ്രതിനിധിയാണ്. അതുകൊണ്ട് നിർബന്ധമായും അവനെ ചീത്ത എന്നു പറയുന്നതായിരിക്കും. ഇങ്ങനെയായിട്ടും അവൻ ശിക്ഷയ്ക്കർഹനല്ല. അതേ! അവനു വിധേയമായി കുറച്ച് ഛായകളുണ്ട്. അത് മനുഷ്യരിൽനിന്നുമുണ്ട്. ജിന്നുകളിൽനിന്നുമുണ്ട്. അത്തരം ദുഷ്ടാത്മാക്കളുടെ ജനനോദ്ദേശ്യം തിന്മയല്ല. പക്ഷേ, തിന്മയെ ഇഷ്ടപ്പെട്ട് അത് തിന്മയ്ക്ക് പ്രേരിതമാക്കപ്പെടുകയാണ്. തിന്മയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെടാത്ത അത്തരം മനുഷ്യൻ പക്ഷേ, തിന്മയെ ഇഷ്ടപ്പെട്ട് തിന്മയുടെ പ്രേരിതനായിത്തീരുന്നു. ഇവരും അവരവരുടെ സ്ഥാനമനുസരിച്ച് ശയ്ത്വാനും ഇബ്‌ലീസുമാണ്. ശിക്ഷയ്ക്കർഹരുമാണ്. (തഫ്സീറെ കബീർ, വാള്യം 6, പേജ് 10-15, പ്രസാധനം 2010 ഖാദിയാൻ)

പേജ് 1 ൽ നിന്ന്

സംസാരിക്കുകയോ ചെയ്യാത്തകാലത്തോളം അല്ലാഹു അവർക്ക് മാപ്പു നല്കും.(സ്വഹീഹ് ബുഖാരി, വാള്യം 4, കിതാബുൽ ഇത്ഖ്, പ്രസാധനം 2008 ഖാദിയാൻ)

......☆......☆......☆......

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin